4

# മംഗളമഞ്ജരി

ഉള്ളൂർ

# മംഗളമഞ്ജരി

245

ഉള്ളൂർ എസ്. പരമേശ്വരയ്യർ

ULLUR PUBLISHERS
TRIVANDRUM
JAGATY

ഉള്ളൂർ പബ്ലിഷേഴ്സ്
ജഗതി, തിരുവനന്തപുരം.
1953

*All Rights Reserved*] [വില അണ 8

എല്ലാം പ്രതികളിലും പ്രസാധകരുടെ മുദ്ര ഉണ്ടായിരിക്കും.

45

4-ാം പതിപ്പു കോപ്പി 500

ശ്രീധര പ്രിൻറിംഗ് ഹൗസ്
തിരുവനന്തപുരം

ശ്രീ.

# മംഗളമഞ്ജരി.

---

മൂലംനാരം മുററുമാളും മുഴസുകൃതഫലം,
മുഖ്യവഞ്ചിക്ഷിതിശ്രീ-
മൂലം, മൂർദ്ധാഭിഷിക്തവ്രജമുകുടമിള-
ന്മുഗ്ദ്ധമുക്താകലാപം,
പാലംഭോരാശികന്യാപതിഭജനപരാ-
ധീന, മന്യൂനകീർത്തി-
ക്കാലംബം, രാമവർമ്മാഭിധ,മവനകലാ-
ലാലസം, ലസിപ്പൂ. 1

ആനന്ദത്തുമരന്ദപ്പുഴയിലകമഴി-
ഞ്ഞാരുമാറാട്ടമാറി-
സ്സ്വാനന്ദൂരസ്ഥസൽക്ഷ്മാശതമഖമണിതൻ
ഷഷ്ടിപൂർത്ത്യുത്സവത്തെ
ഗാനംചെയ്യും കവീന്ദ്രർക്കുടയ കളകള-
ത്തിങ്കലുരശങ്കവിട്ടീ-
ഞാനജ്ഞൻ ചെന്നു ചാടാൻ തുനിവതവനിഭൃൽ-
ഭക്തിതൻ ശക്തിതന്നേ, 2

പാലാഴിപ്പൈതലാൾതൻ പട്ടനടനമലർ
　　പ്പന്തലായും ത്രിലോകീ-
ഫാലാലങ്കാരമായും ഭവികസമുദയോ-
　　ദാരകേദാരമായും
ചേലാളും ദാക്ഷിണാത്യക്ഷിതിയുടെ പുകളീൻ
　　വഞ്ചിയാം വഞ്ചിദേശം
വേലാതീതപ്രഭാവത്തൊടു വിരുതിൽ വിള-
　　ങ്ങുന്നു വിശ്വൈകവശ്യം. 3

വാണീകാന്തൻ സൃജിച്ചും, ദനുജരിപു സുഖ-
　　സ്വാപമാർന്നും, ഗിരീശൻ
ക്ഷോണീരക്ഷയ്ക്കിണങ്ങുംവിധമവതരണം
　　ചെയ്തു,മിന്ദ്രൻ തപിച്ചും,
വാണീടാനുല്ലസിക്കും വസുമതി! മഹിതേ!
　　വഞ്ചി! നിൻ ചിത്രവൃത്തം
നാണീയസ്സാം പ്രശസ്തിധ്വജമുലക പതി-
　　ന്നാലിലും നാട്ടിടുന്നു. 4

ഇപ്പാരാവാരകാഞ്ചീതടമകുടമണി-
　　ക്കീശരാകുന്ന സാക്ഷാൽ-
ത്തൃപ്പാപ്പൂരന്വയാംഭോനിധിയിലുദിതരാം
　　ക്ഷത്രനക്ഷത്രനാഥർ
നൽപ്പാൽ കുമ്പിട്ട കീർത്തിക്കതിർ നവനവമായ്
　　നാട്ടിലെങ്ങും പരത്തി-
ത്തൽപ്പാദം തന്നെ താങ്ങും തണലുമുലകിനെ-
　　ന്നുള്ളമട്ടുല്ലസിപ്പൂ. 5

തന്നോമൽക്കാന്തിതാഴ്ത്തീലധവളധവളമായ്
ശക്രലോകത്തിലേക്കീ-
മന്നോർതൻമഞ്ജുളപ്പൂമ്പുകളണവത്തു ത-
ദ്വംശമൂലം ശശാങ്കൻ
അന്നോടന്നംബരാന്തസ്സമുദിതനവലോ-
കിപ്പൂ; ദർപ്പോദ്ധതത്വം
കുന്നോളം ക്രുട്ടവോക്കും കുലജകൃതപരാ-
ഭൃതി സമ്പ്രീതിഹേതു. 6

പാരാകെപ്പത്തുമെട്ടും ദിനമശരണമായ്
ഭാരതായോധനത്തിൽ-
പ്പാരാതേപ്പെട്ടു മാഴ്കുന്നളവരികിലിരു-
ന്നന്നദാനം നിദാനം
ആരാപ്പോരാളിമാർക്കന്നലിവൊടരുളി,യ
ധർമ്മജാതാവലംബം
പേരാർന്നീടും പെരുഞ്ചോറ്റുദയനൊരു മഹ-
സ്സാന്ന് വഞ്ചീന്ദ്രനല്ലോ. 7

അക്കാലംതൊട്ടശേഷക്ഷിതിധവരുമവ-
ർക്കുള്ളോരാദർശമെന്നായ്-
സ്സൽകാരം ചെയ്തിടേണ്ടും സരണിയിൽ മുറപോൽ-
സ്സാധുസംരക്ഷ ചെയ്തും
ചിൽക്കാതൽക്കാലടിത്താരിണ ദൃഢതരമായ്-
ച്ചിത്തരംഗത്തിൽ നിർത്തി-
ത്തൽകാരുണ്യം ലഭിച്ചും ധരയിലിവർ ലസി-
ക്കുന്നു ധന്യാഗ്രഗണ്യർ. 8

ധർമ്മത്തെദ്ദൈവമാക്കിത്തനതുജനതയിൽ-
ശ്ശാശ്വതൈശ്വര്യമേറും
കർമ്മം ചെയ്തൂഴിയെങ്ങും കലിയുടെ കലുഷം
തീർത്തു കല്യാണമേകി-
ശ്ശർമ്മത്തിൽക്കൂടി നന്മയ്ക്കധികമുതകുമി-
പ്പൂജ്യരാം രാജ്യരക്ഷാ-
മർമ്മജ്ഞന്മാർ മഹേന്ദ്രോപമർ മഹിയിൽ വിള-
ങ്ങുന്നു മാഹാത്മ്യമോടേ. 9

ശ്രീവഞ്ചിക്ഷ്മാവധൂടീമണിയുടെ നവനി-
സ്തുല്യമംഗല്യലക്ഷ്മീ-
കൈവല്യം, കംസഭിത്തിൻ കരുണയുടെ കളി-
ക്കുള്ള കല്യാണരംഗം,
ദേവൻ മൂലർക്ഷജക്ഷ്മാരമണനരുപതാ-
ണിന്നുമൻപുജ്ജ്വലത്താ-
മീവംശസ്ഥൂലമുക്താഫലപദമധിരോ-
ഹിച്ചു ശോഭിച്ചുമേന്മേൽ. 10

മാതാവും താതനും ഹാ! മഹിതമതി മഹ-
സ്സാണ്ട മാർത്താണ്ഡവർമ്മ-
ക്ഷ്മാതാരാനാഥനും പോയ്തനതുസഹജനും
താനുമേതാനുമബ്ദം
ഓതാനാവാത്ത മാലിൽപ്പെട്ടകിലുമതു തൻ
ഹൃത്തിൽ മെത്തും കരുത്താൽ
വീതായാസം വിലംഘിച്ചിതു വിമലഗുണാ-
രാമനാം രാമരാജൻ. 11

തൻനൽക്കട്ടെക്കിടാവിൻ തളിരൊളിമൃദുമെയ്
        തള്ളിയന്നാളിലേതോ
മിന്നല്ലൊപ്പം മറഞ്ഞോരമരപുരിയിലെ-
        ത്തങ്കവാടാവിളക്കേ!
പിന്നത്തെയ്യാത്മജന്നുള്ളൊരു പൃഥുലശുഭ-
        ത്തിന്നു നൂനം നിദാനം
പൊന്നമ്മത്തമ്പുരാനേ! ഭവതിയുടെ സദാ-
        ശിസ്സു സാഫല്യപൂർണ്ണം. 12

കാണിക്കുംമാന്ദ്യമേശാതരിയ തിരുവയ-
        സ്സുഞ്ചിലീ വഞ്ചിഭ്രൂഷാ-
മാണിക്യം മാതൃഭാഷാപഠനവിധിത്തുട-
        ന്നപ്പുറം കെല്പുറക്കേ
ഹൈരണിക്കും സംസ്കൃതം തൊട്ടെഴുമപരകളാം
        വാണികൾക്കും ഹൃദന്തം
പ്രീണിക്കുംമട്ടു വിദ്യാഭഗവതിയെ വിശേ-
        ഷിച്ചു പൂജിച്ചുപോന്നു. 13

വേലാതീതോരുവിദ്യാജലധിയിൽ വിഹരി-
        പ്പോരു വിഖ്യാതനാമി-
ച്ചാലാനന്താധിപൻതൻ പടുപഠനകലാ-
        വൈഭവാഭോഗരീതി
ലീലാലോലം കിടാങ്ങൾക്കുടയ ഹൃദയമെ-
        ന്നുള്ള ചൊല്ലുള്ളതല്ലേ-
ന്നാലാപം വാഴ്ത്തിടുമോരഖിലഗുരുജനം-
        ങ്ങൾക്കുമാശ്ചര്യമേകി. 14

ശ്രീകാളും ഹൂണഭാഷാമഹിളയുടെ ഗളച്-
ശങ്കമാമങ്കപാളി-
ക്കേകാന്തസ്ഥാനമാമിസ്ഥലിലനിധിലസ-
ന്മേഖലാലേഖനാഥൻ
ആകാരം കൊണ്ടൊരിൻഡ്യൻനൃപനമമലമാം
ഗീരുകൊണ്ടാംഗലക്ഷ്മാ-
നാകാധീശാഗ്ര്യഹാരത്തിന്ന നടുവിലെഴും
നായകക്കല്ലുമായി 15

ഈ വിഖ്യാതക്ഷിതിക്ഷിന്മണിയുടെയിണാവി-
ട്ടുള്ള നൽത്തൂലികകളും
നാവിന്നും തുമ്പിൽ നാനാനടനവിധിനട-
ത്തുന്ന നൃത്തപ്രവീണേ!
ശ്രീവിദ്യേ! ഹൈമണി! മൂററും ജഗതി തവ പദാം-
ഭോജമമ്പോടജസ്രം
സേവിക്കാനന്യനാരുണ്ടിതിന്നസമ, മസാ-
മാന്യനീ മാന്യനമ്മേ! 16

ഈവിദ്യാംഭോധികുംഭോത്ഭവന്ന സഹജഭ്രൂ-
വായ ഹസ്താവലംബം
കൈവിട്ടാഹന്ത! പൊയ്പ്പോയ്ക്കളെനമതന്നവാ-
യന്നു കൈവന്നതെല്ലാം
ആവിശേഷജ്ഞൻ വിധിക്കുന്നതിനൊഴികഴിവും
നീക്കപോക്കും ചുരുങ്ങും
ജീവിക്കെന്നോർത്തു സഹചാരിയാ-
കേണു ദേവൻ പൊറുത്തും 17

ചാരുശ്രീ വാച്ചുവോരിന്നൃപനു തിരുവയ-
    സ്സേഴുമീരേഴുമേഴും
ചേരും മുമ്പായി വേണ്ണാട്ടരയവിട്ട വിശാ-
    ഖാവനീജീവനാഥൻ—.
ചേരും ശേഷം കഥിപ്പാൻ പണി—ഭുവനപിതാ-
    വിന്റെ വാഞ്ഛാബലത്താൽ
താരുണ്യത്തിൽ ധരിത്രീവധുവിനു ധവനായ്
    മൂലകൻ ലാലസിച്ചു. 18

താരേശപ്പൂന്നിലാവിൻ ധവളതയവലം-
    ബിച്ചു കീർത്തിപ്പൂടാംഭഃ-
പൂരേ ലോകത്തെമുക്കം പുതിയ പതിയൊട-
    ന്നഞ്ചിതേ! വഞ്ചിദേവി!
പാരേ! പാരം ജയിപ്പൂ ഭഗവതി; ഭവതി-
    ക്കംബ! പണ്ടേത്തുടങ്ങി-
പ്പാദരവാഗപത്തി ഭദ്രാസനമഹിമ,യതിൻ-
    നന്മയാജന്മരമ്യം. 19

പാരാളും പാണ്ഡ്യചോളേശപരർ നിജമകുടീ-
    ഭാസ്സിനാൽപ്പാദപീഠം
നീരാജിപ്പിച്ചു കാൽത്താർതൊഴുമളവു യഥാ-
    വാഞ്ഛിതം കാഞ്ചിതന്നിൽ
പാരാവാരാംബരാലംകൃതഭരതമഹീ-
    പ്രാജ്യസാമ്രാജ്യലക്ഷ്മീ-
താരാധീശാന്വയാളെത്തഴുകിന ജയസിം-
    ഹാത്മജൻ താവകീനൻ. 20

ആരാലർദ്ധാക്ഷണംകൊണ്ടരിനികരതമ-
സ്സാണ്ഡമാർത്താണ്ഡഭാസ്സാ-
മാരാലെന്നമ്മവീണ്ടും പുതിയൊരുകമലാ-
വാസകാസാരമായി,
ആ രാജീവാക്ഷസേവാരതനമിതഗുണം
പൂണ്ട മാർത്താണ്ഡവർമ്മ-
ക്ഷ്മാ്രാകാചന്ദ്രമസ്സം ഭഗവതി ! വസുധേ !
വഞ്ചി ! നിഞ്ചിത്തനാഥൻ. 21

നേരായിട്ടിപ്പൊന്നിച്ചുടരിനെതിരിട്ട-
ന്നോരു പോരാളിമാർതൻ
വാരാളും കണ്ഠരക്തപ്പുഴയിൽ മുഴുകിയും
പൊങ്ങിയും കേളിയാടി
ധാരാളം ധൌതഭാവം തടവിന പുകളാൽ-
ധന്യനായ്ത്തീൎന്ന നവ്യ-
ശ്രീരാമൻ ധർമ്മരാജക്ഷിതിശതമഖനും
ദേവി ! തേ ജീവിതേശൻ. 22

വാണീമാതിന്റെ വക്ഷോരുഹയുഗളി വഹി-
ക്കുന്ന നൽസ്തന്യസാരം
താണീടാദാസപടിപ്പാൻ തരമുടയമഹാൻ,
ഗർഭപാത്രാന്തരത്തിൽ
വാണീടുന്നാളുമുഴിക്കധിപതി, വളരെ
ഖ്യാതിമാൻ, സ്വാതിജാത-
ക്ഷോണീസീമന്തമുത്തും കൃതസകലജഗ-
ൽസ്സമ്മയൻ യുഷ്മദീയൻ. 23

ശ്രീയിമ്മട്ടാന്ന നാനാഗ്ര പക്ഷമതിന്നുമേൽ-
സ്സർവ്വശാസ്ത്രജ്ഞനായോ-
രായില്യം തമ്പുരാനും നിശിതമതി വിശാ-
ഖാവനീശീതഭാസ്സും
സ്ഥായിക്കൊത്തുല്ലസിപ്പാൻ തരമുടയഭവ-
ദ്രത്നസിംഹാസനത്തി-
ന്നായിക്കൂപ്പുന്നു തായേ! പുളകമിളകിടും
മെയ്യോടീയുള്ള ഞങ്ങൾ. 24

തത്താദൃക്കായ സിംഹാസനമഹിമ തഴ-
ച്ചുല്ലസിക്കുന്നതിന്നും
ചിത്താനന്ദാമൃതത്തിൽജ്ജനതയനുദിനം
ചെന്നു മുങ്ങുന്നതിന്നും
സത്താം മാർഗ്ഗത്തിൽനിന്നിസ്സദയഹൃദയനാം
മൂലകശ്രീലസൽക്ഷ്മാ-
ഭർത്താവാളുന്ന യത്നം പരിചിനൊടു ഫലി-
പ്പിപ്പൂ പാഥോജനാഭൻ. 25

ചട്ടം തീർക്കും സദസ്സൊന്നൊരുവക, വെളിവിൽ-
പ്പൌരരോടൊത്തു കാര്യം
ചട്ടംകെട്ടുന്ന സംസത്തൊരുവക, പുരസം-
സ്കാരഭാരം വഹിപ്പാൻ
ഒട്ടല്ലന്യങ്ങളാകും സമിതിക,ളിവയാ-
ലിപ്പുകൾക്കല്പകക്ഷ്മാ-
രട്ടത്യന്തം ജയിപ്പൂ ജനതയുടെ മനോ-
ഭീഷ്ടദാനൈകലോലൻ. 26

മേടിക്കുന്നില്ല പുത്തൻകരമൊരുശകലം ;
        പണ്ടുപണ്ടുള്ളവയ്ക്കും
കൂടിക്കൂടുമ്പോഴെല്ലാം കരവലിവിൽവരു-
        ത്തുന്ന കൂട്ടംവരയ്ക്കും ;
ചേടിക്കൊപ്പം ജനത്തെജ്ജലധിസുത ഭജി-
        ക്കാതെ യാതൊന്നുകൊണ്ടും
പാടി,ല്ലിക്ഷ്മാപചിത്തം പ്രകൃതിശുഭസരി-
        ന്മജ്ജനോന്മജ്ജനോല്ലം. 27

നെല്ലായും തേങ്ങയായും നികുതി ശകലമി,-
        ല്ലുള്ളതുല്ലുംതരമ്പോ-
ലെല്ലാർക്കും കാശുമാറിസ്സപടി സുലഭമാ-
        യഞ്ചലിൽത്താൻ ചെലുത്താം ;
തെല്ലാസ്സംഖ്യയ്ക്കു മാററം തെളിവിലെവിടെയും
        മുപ്പതബ്ദം കഴിഞ്ഞാ-
ലല്ലാതെത്തില്ല; മററെന്തിതിലുമധികമായ്-
        ക്കഷ്ടകോൽകഷ്ടഹേതു ? 28

മേടിക്കാം വായ്പസർക്കാരൊട്ടു, കൃഷികലയിൽ-
        ജ്ഞാനമന്യൂനമെന്നും
നേടിക്കൊള്ളാം, തയാറായതിനൊരുതുറയു,-
        ണ്ടേകനാകാത്തതിങ്കൽ
കൂടിത്തമ്മിൽ തുണയ്ക്കാം,മതിനൊരുവക-
        പ്പുണ്ടു; നിങ്ങൾക്കുകഷ്ട-
പ്പാടിന്നെന്തുള്ളു ? മൂലംനൃപതി കൃഷകരേ!
        പാരിടപ്പാരിജാതം. 29

ബന്ധാക്കല്ലപ്പു ബന്ധാപ്പടവരിയിവത-
ന്നാഗമം സമ്പ്രതീക്ഷി-
ച്ചുമ്പാട്ടും പൌരർ നില്പാനിനിയുമിടവരൊ-
ല്ലെന്നു ചിന്തിച്ചുമേന്മേൽ
തൻപാരിൽത്തന്നെരണ്ടും വിളവതിനു തരം
നല്കി നൽകീർത്തിപൂരം
സമ്പാദിപ്പാനമിക്ഷ്മാശശി സതതകൃപാ-
സാഗരൻ ജാഗരൂകൻ. 30

ഊടൻമട്ടുള്ളതായോരുഴവു വിത വളം-
ചേക്കലിലൊന്നതൊന്നും
വേടക്കം വേണ്ട; മാട്ടം പുതിയ കൃഷിപരി-
ഷ്കാരസാരം ഗ്രഹിപ്പു;
ആടൽപ്പാടല്പമെന്തെന്നറിവതിനിടയാ-
കാതെ നിർബാധമെന്നും
പാടം പച്ചപ്പടത്തെപ്പരിചൊടണിവതി-
പ്പാർത്ഥിവേന്ദ്രപ്രഭാവം. 31

മാനം മുട്ടിക്കിടക്കും മലയുടെ മുകളും
കണ്ണധാരക്കശേഷം
മാനം മുട്ടിക്കുമോരോ കടലൊടു കിടയാം
കായലും മിക്കവാറും
ആനന്ദത്തോടു നെല്ലിൻ കതിരുമതിനുവി-
ട്ടന്യധാന്യങ്ങളും പൂ-
ണ്ടൂനംവിട്ടൂഴിമാതിന്നുദയമുയരുമാ-
റന്നമിച്ചുല്ലസിപ്പൂ. 32

മാനിൻകൂട്ടങ്ങൾമാഴ്കം നിലയിലലറിടും
        വ്യാഘ്രപാളികൾ വാഴുന്നോ-
രാ നിർബാധാടനത്തിന്നലഘുപദവിയാം
        വൻകൊടുങ്കാടശേഷം
വാനിൻമട്ടായതിങ്കൽപ്പുതിയ തെയിലയും
        റബ്ബറും നില്പതാരും
മാറ്റിപ്പാരീ മഹീഭൃന്മണിയുടെ മഹിമ-
        പ്പെട്ട മാഹേന്ദ്രജാലം. 33

കോലം പോത്തുല്ലല്ലും കരി പുലി കടുവാ-
        തൊട്ടഹിംസ്രങ്ങളാലും
കാലക്കേടിന്നു പറവന്നൊരു പനിമുതലാം
        ഘോരരോഗങ്ങളാലും
ഏച്ചക്കാർക്കുള്ള മാലോത്താവരുടെ വലുതാം
        പാരതന്ത്ര്യദ്രുമത്തിൻ
മൂലംമുററും മുറിച്ചു മുദിതഹൃദയനാം
        മൂലകക്ഷ്മാലലാമം. 34

ആത്തുംഗാഭോഗവത്താമരിയ ചിറചമ-
        ച്ചത്ഭുതം ! കോതയാററിൽ-
സ്സേതുക്കെട്ടാലതിൻ നീർ ശരിവരെയുമട-
        ച്ചെത്രയോ കല്യവെട്ടി
ഏതുംക്ലേശാതെ നാട്ടാർക്കലഘുജലസുഖം
        ചേർത്തുതൻ രാജ്യരക്ഷാ-
ചാതുര്യം കാട്ടുമിക്ഷ്മാവിഭു ശുഭവിഭവൻ
        സ്പഷ്ടദൃഷ്ടാപദാനൻ. 35

വാനത്തിൽക്കാറു വർഷാസമയവുമൊഴിവായ്
വാരി ലോകക്കു തീരെ-
പ്പാനത്തിന്നും മുടങ്ങിപ്പരമഹഹ ! നിലം
കാണ്മതാം നാഞ്ചനാട്ടിൽ
വേനൽകാലത്തുമോമൽക്കതിരിനരവര-
യ്ക്കാററുവെള്ളത്തിൽ വാഴ്കും
സ്ഥാനത്തെക്കണ്ടു മേന്മേൽ ഖരകിരണഘൃണി-
ശ്രേണി നാണിച്ചിടുന്നു. 36

താലം നില്ക്കുന്ന പൊട്ടത്തറയുമവധി വി-
ട്ടമ്പുമംഭസ്സുതിങ്ങി-
ക്കൂലംപൊട്ടുന്ന മുട്ടൻകുളവുമരിമയിൽ-
ത്തെക്കരാം നെൽകൃഷിക്കാർ
ലേലത്തിൽക്കൊണ്ടതെല്ലാം ത്സടിതി കൃഷികലാ-
പാത്രമാം ക്ഷേത്രമാക്കി-
ക്കാലം തെററാതെ തീറായ്ക്കമലയുടെ കടാ-
ക്ഷങ്ങൾ വാങ്ങിച്ചിടുന്നു. 37

പാരം ചേരുള്ള കായൽക്കരെനിരകൾ പതി-
പ്പിച്ചു പാടേനികത്തി-
പ്പൌരന്മാർ നേരെയാക്കും പരിമൃദുലരുചി-
ക്കോപ്പണിത്തോപ്പിലെല്ലാം
കേരക്കൂട്ടങ്ങൾ നില്പുണ്ടലഘുഫലഭരം
തിങ്ങിവിങ്ങിത്തിളങ്ങി-
സ്ഫാരശ്രീപാരിജാതപ്രകരപരിചിത-
പ്രൌഢിനാഡിസ്ഥമങ്ങൾ. 38

ധാരാളം തീയെരിച്ചും തരുനിരയെ നശി-
    പ്പിച്ചുമിപ്പാന്തക്രൂരം
തീരാത്തുള്ളോരു താപം ജനതതിയടവീ-
    ദേവിയാൾക്കേകിയപ്പോൾ
ആരാജാധീനയായോരബലയെയഭിര-
    ക്ഷിച്ച മൂലർക്ഷജൻതൻ
ഘോരാളും ക്ഷാത്രതേജോബലമഖിലജഗ-
    ജ്ജിത്വരം ചിത്തരമ്യം. 39

തൻ ചാരത്താർന്ന ദാവാനലശിഖയിലക-
    പ്പെട്ടു ഭ്രഷ്ടശേഷം
വെൺചാമ്പൽപ്രായമായിത്തൃണഗണവുമിണ-
    ങ്ങാത്ത വൻകാട്ടിനുള്ളിൽ
സഞ്ചാരം ചെയ്തു തേക്കും മലയജതരുവും
    നട്ടു പുഷ്ടിപ്പെടുത്തി-
സ്സഞ്ചായക്കാർ വനശ്രീസുഷമയുടെ വള-
    ർച്ചയ്ക്കു ലാക്കേകിടുന്നു. 40

കാണപ്പാട്ടക്രമത്തിൽ കലരുമൊരു കണ-
    ക്കറ്റ തക്കങ്ങൾ കേറി-
ക്ഷീണതാപം ജന്മിമാർക്കും പലപടി കുടിയാ-
    ന്മാർക്കുമുണ്ടാക്കിടുമ്പോൾ
ത്രാണത്തിന്നൊത്ത ചട്ടം സമിതിവഴി ചമ-
    ച്ചോരു വാരാശികാഞ്ചീ-
പ്രാണപ്രേഷ്ഠപ്രവേകൻ പരിഹസിതസുരാ-
    ചാര്യചാതുര്യധുര്യൻ. 41

നായന്മാൎക്കുള്ള വൈവാഹികവിധി നിയമ-
ത്തിന്നു കീഴ്പ്പെട്ടതാക്കി-
ശ്രേയസ്സാസ്സൽപ്രജാളിക്കഭിനവനിലയിൽ-
ച്ചേൎത്തു സന്തൃപ്തിനല്കി
ആയംകൂട്ടുന്ന മേധാബലമെഴുവനീ-
പാലകൻ മൂലകൻ തൽ-
സ്ഫായൽസൽകീൎത്തിവീരുൽപ്രസവപരിമളം
പാരിടത്തിൽപ്പരത്തി. 42

ഏവം ക്രിസ്ത്യാനിമാൎക്കും പലവിധമവകാ-
ശത്തിൽ മെത്തുന്ന തൎക്കം
ധീവരന്മാരുന്ന ; മൂലൎക്ഷജനൃപതി ധരി-
ച്ചുകഴപ്പുകൊഴപ്പാൽ
വൈവശ്യം നേരിടായ്വാൻ നിയമമരുളിയ-
സ്സൽപ്രജാസഞ്ചയത്തിൻ
കൈവല്യം കൈവളൎക്കുന്നിതു ഘനകരുണാ-
കഞ്ജമഞ്ജുദ്വിരേഫം. 43

ശ്രീതിങ്ങിപ്പൊങ്ങിമേന്മേൽ ശ്രിതസുജനമന-
സ്താപനിൎവ്വാപമേകി-
ഖ്യാതിപ്രത്യഗ്രസമ്പത്തുടയ തിരുവിതാം-
കോട്ടിലെക്കോൎട്ടിലെങ്ങും
കാതിൽപ്പോലും ശ്രവിപ്പാൻ പണി കലി തുടരും
കല്മഷങ്ങൾക്കു ; നിത്യം
നീതിക്കുൽകൃഷ്ടജൈത്രോത്സവമവിടെ നട-
ക്കുന്നു നിൎബ്ബാധമായി. 44

ഘോരാകാരം നിനച്ചാൽക്കൊടിയ നരകവും
    കമ്പിടത്തക്ക ഭ്രഷ്ടൽ-
കാരാഗാരം തടഞ്ഞു സ്ഥിതഖലതതിയെ-
    സ്സൽപഥത്തിൽപ്പുലർത്തി
സാരാസാരജ്ഞരാക്കുന്നതിനു സതതമി-
    സ്സാധുലോകാനുകമ്പാ-
പാരാവാരം പ്രയത്നിപ്പതു ഫലപടലീ-
    പൂർണ്ണമായ്ത്തീർന്നിടുന്നു. 45

ആരാനും ബാല്യകാലത്തഘമെഴുകിലതിൻ
    ഹേതു മാതാപിതാക്ക-
ന്മാരാണെന്നോർത്തു കാരാഗൃഹവസതി കനി-
    ഞ്ഞുകുമാരർക്കു മാററി
നേരായുള്ളോരു വിദ്യാപദവിയിൽ നെടുനാൾ
    സ്വൈരസഞ്ചാരയോഗം
ധാരാളം നല്കുവോരിദ്ധരണികുലിശഭൃ-
    ദാര്യനാചാര്യചര്യൻ. 46

മഞ്ചാടിക്കൊത്തകാര്യം മലയിലധികമായ്
    മാറുമാറോടി വക്കീൽ-
തഞ്ചാരത്തെത്തി രാവുംപകലുമനുദിനം
    നമ്പരെന്നമ്പരന്നോർ
പഞ്ചായത്തേർപ്പെടുത്തിപ്പരിചൊടിളഭരി-
    ക്കുന്നോർമ്മന്നനാൽത്താൻ
നെഞ്ചോടീടാതെ നേടുന്നതു നിരുപമമാം
    നിത്യസൌഹിത്യസൌഖ്യം. 47

കാന്താരങ്ങൾക്കു ഘണ്ടാപഥപടമനിശം
    കൈവളത്തിക്ഷണത്തിൽ-
പ്രാന്താലംകാരമാകും പല പുതിയതരം
    പാതവെട്ടിച്ചു പാരിൽ
താൻതാൻ സന്മാർഗ്ഗബോധം സതതമഖിലലോ-
    കത്തിനും ചേർത്തു നിത്യ-
സ്വാന്താനന്ദത്തെ നൽകുന്നിതു സുജനശുഭ-
    സ്തോമദൻ ഭൂമഹേന്ദ്രൻ. 48

കാട്ടാനയ്ക്കും കടക്കുന്നതിനു കഴിവക-
    ന്നാക്രേശ്മിക്കു പാദം
നാട്ടാൻപോലും പ്രയാസം തടവുമടവിയിൽ-
    ത്തുംഗശൃംഗാടകങ്ങൾ
കേട്ടാലാശ്ചര്യമേറുംവിധമവധിവെടി-
    ഞ്ഞു, ണ്ടവയ്ക്കുള്ളിൽ മേന്മേൽ
മോട്ടാറോടിപ്പു മൂലംനൃപനുടെ കൃപയാ-
    ലെപ്പൊഴും തൽപ്രജൌഘം. 49

ശൈലപ്രസ്ഥത്തിൽനിന്നും ഝടിതി പടുതര-
    പ്രൌഢികൈക്കൊണ്ടു ചാടി-
ക്കൂലംകുത്തിക്കുതിക്കും കുടിലതടിനികൾ-
    ക്കുള്ള കോലാഹലത്തിൽ
ആലംബംവിട്ടു കേഴും ജനതയുടെ ഹിത-
    ത്തിന്നു നന്നായനേകം
പാലംകെട്ടിച്ചു മേന്മേൽപ്പരിഹസിതസരി-
    സ്ഥാമരൻ രാമരാജൻ, 50

കോളല്ലം കൊണ്ടിട്ടുമ്പോൾ കൊടിയ വടിവെഴും
        കൊച്ചുപാഥോധിയിൽപ്പെ-
ട്ടോളപ്പാത്തിക്കകത്തായൊരു ഞൊടിയിൽ മറി-
        ഞ്ഞോടി താണിട്ടുമെന്നായ്
ക്ഷ്മാപാലശ്രീവന്റെ ഭക്തർക്കണിമണി കരുതി-
        ക്കോട്ടയംതൊട്ടു വയ്ക്ക-
ത്തോളം ലോകർക്കു പോകുന്നതിനൊരു ശുഭമാം
        തോടു മുത്തോടു തീർത്തു. 51

ദ്യോവിൽ കൈകേറിനില്ക്കും തിരയിൽ മറിയുമ-
        ക്കായൽ കണ്ടാലജസ്രം
വാവിട്ടോരോ വിലാപത്തിനു വശഗതരാം
        വഞ്ചിസാംയാത്രികന്മാർ
ആവിബ്ബോട്ടിന്നകംപുക്കതിനെയുപഹസി-
        ക്കുന്നു തന്നത്തലീലാ-
വൈവിദ്ധ്യത്തിൽപ്പിഴയ്ക്കും നടനെ വിരുതരാം
        പ്രേക്ഷകശ്രേഷ്ഠർപോലെ. 52

ഈവമ്പേറും നവീനക്ഷിതിരമണനിത-
        ത്തിന്നു ചെങ്കോട്ട-കൊല്ലം
തീവണ്ടിപ്പാതയെന്നുള്ളഴകൊഴുകുമര-
        പ്പട്ടു തീർത്തിട്ടുമൂലം
ശ്രീവഞ്ചിക്ഷ്മാമഹേളാമണിയുടെ തിരുമെയ്-
        തന്നിൽ മിന്നിത്തിളങ്ങും
ലാവണ്യത്തിൻപുകൾപ്പൂമ്പരിമളപരിപാ-
        കത്തെ വാഴ്ത്താൻ പ്രയാസം. 53

വാനസ്പത്യങ്ങൾ വാനംവരെ വളരുവതിൻ
        വൻപെഴും പാർശ്വദേശം
ഗാനത്താൽപ്പൂതമാക്കും കിളികളുടെ കളി-
        ക്കൊഞ്ചൽത്തഞ്ചും വനത്തെ
മാനത്തിൽക്കണ്ടു മർത്ത്യാവലി മഹിതമററാ-
        നന്ദപീയൂഷയൂഷം
പാനംചെയ്യുന്നതാമിപ്പദവിയുടെ പൃഥു-
        ഖ്യാതിവിഖ്യാതിശായി. 54

മാനം പണ്ടെയ്ക്കുപണ്ടേ പതഗപതിഗതി-
        ക്കുള്ളതില്ലാതെയാക്കി-
ത്താനത്യന്തം സുദൂരം സവിധമിവയിലു-
        ള്ളത്ഥഭേദത്തെനീക്കി
ഈ നമ്മെക്കൂപമണ്ഡൂകസ്ഥിതിയിനിയുമിയ-
        ന്നിൻഡ്യ കാണാതിരിപ്പാൻ
സ്വാനന്ദൂരത്തിലേക്കുള്ളകടസ്പതി കട-
        ക്കുന്നു സാടോപമിപ്പോൾ. 55

മൂലക്ഷ്മാപാലനാലപ്പുഴയിലധികമാ-
        യാഴിതന്നുള്ളിൽ നീട്ടി-
പ്പാലംകെട്ടി പ്രശസ്തസ്ഥിതിയിൽ വണിജരെ-
        പ്പാലനംചെയ്തമൂലം
ശ്രീലക്ഷ്മീദേവിയാൾതൻ നയനചലനമാം
        ലോലലോലംബലീല-
യ്ക്കാലംബസ്ഥാനമായത്തുറമുഖമെവനും
        ദൃഷ്ടിസന്തുഷ്ടി ചേർപ്പൂ. 56

പാരാതീ വഞ്ചിയെങ്ങും പ്രചുരതരശുഭൈ-
　　കാസ്പദാസ്പത്രി വാസ്സി-
പ്പോരാ ശ്രീരാമവർമ്മാഭിധയിൽ വിദിതമാം
　　ദിവ്യപഞ്ചാക്ഷരത്തെ
നേരായിക്കേട്ടെത്തെട്ടും മനമൊടു സതതോ-
　　ച്ചാപലോച്ചാടനത്തി-
ന്നാരാൽ പാത്രീഭവിപ്പൂ ഹരി! ഹരി! വിവിധ-
　　വ്യാധിചാതുർഭ്ദ്രശങ്ങൾ. 57

ആയുർവ്വേദാഖ്യകോലും വിടപ്പി, കടപുഴ-
　　ക്കന്നതിന്നാഞ്ഞു ചുററി-
പ്പായും പാശ്ചാത്യവൈദ്യപ്പുഴയിലെഴമൊഴ-
　　ക്കത്തിലുദ്യൽപ്രകമ്പം
കായും ഏന്തെത്താട്ടു നിൽക്കുന്നളവതിനെ മന്നം-
　　വച്ചുറപ്പിച്ചു മേന്മേൽ-
ക്കായും പൂവും കലർത്തിക്കനിവൊടു പരിപാ-
　　ലിച്ചു മൂലക്ഷിതീശൻ. 58

പൌരശ്രേഷ്ഠർക്കു പാരം നിജനഗരപരി-
　　ഷ്ക്കാരധൌരേയഭാവം
ചേരത്തക്കോരു ചട്ടം ശരിവരെയരുളി-
　　ത്തതസഭാംഗങ്ങളാവാൻ
ആരംഭിക്കും ജനങ്ങൾക്കതിനെയനുവദി-
　　ക്കുന്ന ഗണ്യാധികാരം
സ്ത്രീരത്നങ്ങൾക്കുമേകീ നിശിതമതി ജഗ-
　　ദ്രക്ഷി വഞ്ചിക്ഷിതീന്ദ്രൻ. 59

താരുണ്ണിത്തമ്പുരാൻതൻ സരസരസനയെ-
    സ്സാരമില്ലെന്നു തള്ളി-
പ്പോരും വാഗ്ദേവതയ്ക്കുള്ളൊരു പുതുനടനം
    നൂനമീനാട്ടിലെന്നാൽ
ഓരുമ്പോളായതസ്വച്ഛശിവിശദയശോ-
    രാശി പൃഥ്വീശിതാവിൻ
കാരുണ്യാർദ്രാൽകടാക്ഷാഞ്ചലചലനകലാ-
    ചാതുരീസാധുരീതി. 60

വേണാടേ! നിന്നിലോർത്താൽ വെറുമിരുപതിനാൽ-
    റാണ്ടുകൊണ്ടെത്രമാത്രം
ചേണാർന്നീടുന്ന വിദ്യാലയപഠനഗതി-
    ക്കന്തരം ഹന്ത! വന്നു,
നീണാളജ്ഞാനമാർക്കുള്ളൊരു മുറവിളി വി-
    ട്ടിട്ടിനം വാണിമാതിൻ
വീണാനിക്വാണമല്ലോ ചെവിയിലമൃതു തൂ-
    കുന്നു, തമ്മേ! ജയിക്കു. 62

എന്തായാലെന്തു? വിദ്യാഭഗവതി വിളയാടാത്ത
    ദേശത്തെ മേന്മേൽ-
ച്ചെന്താർമാതെത്ര മാനിക്കിലുമതൊരുമണൽ-
    ക്കാട്ടിനെക്കാട്ടിൽമോശം!
എൻതായേ! വഞ്ചി! മറവുള്ളവ വരികിൽ വരും
    പോകുകിൽപ്പോകുമീ നിൻ
സന്താനങ്ങൾക്കു സാരസ്വതമല്ല്യന്നയുമുള്ളം
    സന്തതാന്തഃപ്രമോദം. 62

ഈനൽക്ഷ്മാപന്റെ രക്ഷാചതുരതയിലിളാ-
　　ദീപമായ് പ്രോല്ലസിക്കം
സ്യാനന്ദൂരസ്ഥഫൈരണീപഠനകൃതമഹാ
　　പാഠശാലേ ! വിശാലേ !
ഞാനങ്ങേപ്പുത്രനല്ലേ ? ജനനി ! ഭവതിതൻ
　　കീർത്തിസമ്പൂർത്തിവാഴ്ത്തി-
ഗ്ഗാനംചെയ്യട്ടെ മററുള്ളവർ ; തനയർ ഭവൽ-
　　ഭക്തിസംരബ്ധകണ്ഠർ ! 63

ഊനംകൈവിട്ടപ്രായസ്ഥിതിയുടയകുട്ടം-
　　ബത്തിലുള്ളോരുമാക്കം
മാനംനല്കുന്ന ഫൈരണീഭഗവതിയെയുപാ-
　　സിച്ചു മേന്മേൽസുഖിപ്പാൻ
താനമ്പോടിക്ഷ്മാഭൃത്തരുളി വിലസിടും
　　തുംഗചൈത്യങ്ങളെല്ലാം
നൂനം നീരന്ധ്രജാഡ്യദ്വിരദഹതിസമുൽ-
　　ക്കണ്ഠകണ്ഠീരവങ്ങൾ. 64

ആലംബം ചെററു കൈവിട്ടധികമവശയാ-
　　യാകലപ്പെട്ടു മുററും
ബാലപ്രായത്തിൽ മാഴ്കുന്നൊരു വരതനുവാം
　　വാരൊളികൈരളിക്കം
കാലംതെററാതെ ശാലാസമുദയമരുളി-
　　ക്കാത്തുപോരുന്നൊരിക്ഷ്മാ-
പാലൻ പ്രാചീനബർഹിസ്സൊടു പടവുടയം
　　പ്രാഭവാഭോഗശാലി. 65

സത്തോദത്തെശ്ശമിപ്പിപ്പതിന്നനവരതം
        സജ്ജനാമിജ്ജനേശൻ
തത്തോകംപോലെ പാലിപ്പുളവഴകുമല-
        ങ്കാരവും പാരമേന്തി
ഏത്തോഷത്തോടു മേളിപ്പതിന്നിടവരുമി-
        കൈക്കരുളിത്തയ്യലാളിൻ
ഗ്ഗത്തോദ്യൽകങ്കണാളീകലിതകളകളം
        കാട്ടിലും കേട്ടിടുന്നു. 66

വണ്ടാർപൂവേണിമാൎക്കും വലിയ നിലയിലായ്
        വാണിയിൽഭക്തിസമ്പ-
ത്തുണ്ടാകുംമാറു വിദ്യാനിലയനിരയുദി-
        പ്പിച്ചു തൻനാട്ടിലെങ്ങും
പണ്ടാരുംതന്നെ നേടാത്തൊരു സുകൃതമൊടൊ-
        ത്തനുമിത്തമ്പുരാൻതൻ
കൊണ്ടാടത്തക്ക കീൎത്തിപ്പുടവ വിബുധസരി-
        ദ്വീചിസദ്ധ്രീചിതന്നെ. 67

ക്ഷോണീക്ഷത്താംസമാമിശ്ശുഭചരിതനിളാ-
        ജാനി ശുശ്രൂഷയിങ്കൽ-
ക്കാണിക്കും ഭക്തിമൂലം കലിതകുതുകയായ്
        ത്തന്നിശാന്താന്തികത്തിൽ
പ്രീണിക്കും മാനസത്തോടനുദിനമഭിശോ-
        ഭിപ്പൂ നിശ്ശേഷഭാഷാ-
ശ്രേണിക്കും റാണി, രത്നാഭരണഗണരണൽ-
        പാണി, ഗീർവാണവാണി. 68

കാണിക്കും ജീവിതായോധനഭുവി കദന-
ത്തിന്റെ കാഠററശിടാസ്സാൻ
വാണിജ്യത്തിൽക്കരുത്തും പലതൊഴിലുകളിൽ-
ക്കെല്ലുമുൽപന്നമാക്കി
ക്ഷോണിക്കൽക്കഷ്ടമേകുന്നൊരു വിവിധകലാ-
മന്ദിരം വഞ്ചിഭൂഷാ-
മാണിക്യം തീർത്തു മാഹാത്മികമതി മഹിത-
ഖ്യാതിതൻ സൂതിഗേഹം. 69

പൂവാളും വെണ്മിമാരും പുരുഷരുമൊരുപോൽ-
പ്പൂർണ്ണവൈദഗ്ദ്ധ്യമേന്തി-
ദ്ദൈവാധീന്യത്തെ നേടുന്നതിനു പല കലാ-
ധാമമക്ഷാമമേവം
ശ്രീവാഴും വഞ്ചിനാട്ടിൽ ശ്രിതസുരതരുവാ-
മീനൃപൻ തീർക്കയാലി-
ക്ഷ്മാവാസ്തവ്യർക്കിദാനീം വസുനിര നരുനൊയ് ;
വിദ്യ ഹൈയംഗവീനം. 70

ഹന്താനന്താഭകോലും പ്രതനവിബുധർതൻ
ഗ്രന്ഥസംബന്ധിയാകും
ചിന്താസന്താനമെല്ലാം ശിവശിവ! ചിതലും
പാററയും ചീററയാക്കി!
എന്താവോ കഷ്ടമെന്നോർത്തവയുടെ നിഖിലോ-
ദ്ധാരമീരാമരാജൻ
തൻതാട്ടകൽപ്രാതിഭത്തിൻപ്രചുരതയിലിയ-
ററിച്ചു ധർമ്മിഷ്ഠമൌലി. 71

മുമ്പേതൊട്ടുള്ള വഞ്ചിക്ഷിതിയുടെ ചരിത്രം
ഗ്രന്ഥമാസ്സൂച്ചു പൂട്ടും
ചെമ്പേട്ടും കല്ലുമെങ്ങും ചിതമൊടതു തുറ-
ന്നേകി നമ്മൾക്കു മേന്മേൽ
വൻപേരുണ്ടാവതിന്നായ് വടിവിലൊരു വകു-
പ്പുത്ഭവിപ്പിച്ചു വാണി-
ക്കൻപേറും ധന്യനാമീയവനികുമുദിനീ-
കാമിനീയാമിനീശൻ. 72

ദേവസ്വങ്ങൾക്കു വാസ്സും വിറകരി നറുനെ-
യ്യെണ്ണതൊട്ടുള്ളതെല്ലാ-
മാവശ്യംപോലെ തിന്നും ഖലഖനകനിര-
യ്ക്കന്തമത്യന്തമേകി
ആ വൽഗ്ഗുഗന്ധാപനങ്ങൾക്കലെംലുതരപരി-
ഷ്കാരമുണ്ടാക്കുവോരി-
ബ്ഭ്രൂവല്ലീചാപലത്തിൻ കഥ പുളകമുദി-
പ്പിപ്പു കേൾപ്പോർക്കശേഷം. 73

കാലിക്കും താഴെയായിക്കടതെരുവുകളിൽ-
ക്കാലുകുത്താതെ പാരം
മാലിൽപ്പെട്ടമ്പരക്കും പറയർ, പുലയർതൊ-
ട്ടുള്ള സാധുക്കളെയും
മാലിന്യംവിട്ടു പൌരപ്രതിനിധിസഭതൻ-
മാംസളാംഗങ്ങളാക്കി-
പ്പാലിപ്പോരിന്നൃപൻതൻ മതി പതിത-
സമുദ്ധാരദീക്ഷാരസാർദ്രം. 74

ഈമട്ടോരോന്നു ഞാനീയവനനവകലാ-
മർമ്മവിൽകർമ്മവൃത്ത-
ക്രമംവർണ്ണിച്ചു നിന്നാലതിനൊരവധിയി-
ല്ലോററവാക്കിൽക്കഥിക്കാം ;
ഈമന്നൻതൻ ഗുണൌഘം നിഖിലവസുമതീ-
പാലജാലാവലേപ
സ്തോമപ്രോദ്യൽസ്വരാജാകരനികരഖിലീ-
കാരനീഹാരപൂരം. 75

ഭേദംകൂടാതെ സർവ്വപ്രജകളെയുമൊരേ-
മട്ടു സൌരാജ്യസമ്പൽ-
സ്വാദന്യൂനം ഭുജിപ്പിച്ചലിവിൽ വിലസുമീ
നൻമഹീശൻ മനീഷി
മോദംകൈക്കൊണ്ടു രക്ഷാവിധിയിൽ മഹിതമാം
മൈഥിലീനാഥലീലാ-
വൈദഗ്ദ്ധ്യം കൈവല്ലക്കം വിരുത്തുകൾ ജഗതീ-
ലോചനാസേചനങ്ങൾ. 76

ദാസീഭാവംവഹിപ്പോരവനകലയൊടും
ദാനധർമ്മാഗമത്തിൻ
നാസീരത്തിൽഗമിക്കും നരപരിവൃഢർതൻ-
നായകസ്ഥാനമോടും
ജീ, സീ. യെസ്സെത്തുടങ്ങിപ്പലവിരുത്തുകളാ-
ന്റുല്ലസിക്കുന്നൊരിന്നൽ-
ഭൂസീമന്തൈകഭൂഷാമണി ഭുവനനഭ-
സ്സിന്നു പൂർണ്ണേന്ദുതന്നെ. 77

ശൈവാലിപ്രായമെന്നും മിഴിയുമകമലർ-
ക്കാമ്പുമൊന്നാംപൂമത്ഥ-
പ്പാലാഴിപ്പുള്ളിവെള്ളത്തിരകളിൽ വിഹരി-
പ്പോരു ശുഭ്രോരുകീർത്തി
നീലാംഭോദാഭനീലാധവപടകമലാ-
ലംബി ഭ്രൂപാലമാലാ-
ലീലാലങ്കാരമസ്മദപിള ദൃഢമവനീ-
ശാർവ്വരീപാർവ്വണേന്ദു. 78

ആനന്ദംപൂണ്ടു പത്മാസഹചരചരണ-
ത്താമരത്തൂമലർത്തേൻ
പാനംചെയ്വാൻ കളിച്ചാത്തിളകിന വരിവ-
ണ്ടിണ്ടു കണ്ടിണ്ടലെന്ന്യേ
താനമ്പിൽച്ചേർത്തു ചൂഡാതടിയിലണിയുമി-
ത്തമ്പുരാൻതന്നെ പാരിൽ
ദീനവ്രാതാർത്തിദാവാനലവിദലനകൃ-
ത്തായ പീയൂഷമേഘം. 79

ഭൂരക്ഷാധുര്യനാമിപ്പുരുഷമണി തുണ-
യ്ക്കൊക്കെഴും വാസ്തുകണ്ടാൽ
ഹേരംബസ്വാമി മൃഷ്ടാശനസുഖമുളവാ-
മെന്നു തന്നുള്ളിലോർക്കും ;
സ്വൈരം ദുഗ്ദ്ധാബ്ധികന്യാഭഗവതി വിഗളൽ
കമ്പയാം ശമ്പയാവാ-
നാരംഭിക്കും ; വിശങ്കം പുരരിപു കലവി-
ല്ലാക്കുവാൻ ലാക്കുവസ്സും. 80

ശ്രീപാഴം മാറിടത്താൽ ഭൃഗുവിനുടെ ചവി-
ട്ടേററ ദൈത്യാരിപോലും
സേവാവൃത്തിക്കുകൂടി ക്ഷമ സപദി പഠി-
ക്കുന്നൊരിത്തമ്പുരാനേ
ഭ്രൂവാകെസ്സംഹരിപ്പാൻ കരുതിന ഭഗവാൻ
രുദ്രനാചാര്യനാക്കി-
പ്പോവാമെന്നാൽ ജഗത്തിന്നവസിതി വിലയ-
ത്തിങ്കലുണ്ടാവതല്ല. 81

കാമക്കൊക്കാൻ കഴുത്തിൽ കലിത ധൃതി കര-
ക്കിട്ടു കണ്ഠങ്ങളെല്ലാം
കാമംപോൽ കൊണ്ടുചെന്നും കളിപലതു കളി-
പ്പിച്ചുമച്ഛിന്നഗർവ്വം
ഹാ! മർദ്ദിക്കും കുരങ്ങിൻനിരയപരനൃപ-
ശ്രേണി, യിക്ഷോണിലക്ഷ്മീ-
ധാമം രണ്ടാംവിദേഹപ്രഭു വിദിതപര-
ബ്രഹ്മസബ്രഹ്മചാരി. 82

സ്ഥൂലാഹങ്കാരമോടും വിമതജനതയെ-
ത്തൽഭുജോദ്യൽപ്രതാപ-
ജ്വാലാജാലത്തിലാക്കിശ്ശലഭനിലകല-
ർന്നു മറവുള്ള മന്നർ;
ആലാക്കിൽ ശത്രുനാമശ്രുതിയുമകലുമി-
പ്പുണ്യവാൻതൻയശസ്സിൻ
ലീലാങ്കുരങ്ങളാം രാകാശിശിരകതിര-
സ്സാരപാരംഗതങ്ങൾ— 83

മുററും ഷഡ്വർഗ്ഗഹാലാഹലജലനിധിയിൽ-
പ്പെട്ടു വട്ടംകറങ്ങും
മററുർവ്വീപാലരെക്കണ്ടേലകിലെവിടെയും
വൻകൊട്ടംകാററുപോലേ
ചെററും ക്രൂസാതെ പായും കലിയുടെ കലികൊ-
ണ്ടുള്ള തുള്ളൽത്തിരക്കിൽ-
ച്ചുററും ധർമ്മാഖ്യകോലും തരുവിനൊരുവനീ-
മൂലകൻ മൂലകന്ദം. 84

നിർമ്മര്യാദം നിരാലംബനനവരനിരാ-
സത്തിന്നദൃക്തനാകും
ശർമ്മണ്യക്ഷോണിമാതിൻ ശമലമുടലെഴും
വേനനെട്ടീനനാക്കി
ശർമ്മം ലോകത്തിനേകുന്നതിന്ന പരികരം-
കെട്ടി മുന്നിട്ടുനില്പും
ധർമ്മജ്ഞൻ ജാർജ്ജുമന്നന്നൊരു പഴയപുറം-
പ്രാണനീ മാനനീയൻ. 85

പോരാടിപ്പിൻതിരിഞ്ഞും, നടുവിലിളകിയും,
തവ്വുംകണ്ടാദരിച്ചും,
വാരാളുംമൈത്രിയുണ്ടാവരുവ,ന്നുലകിതിൽ
താങ്ങലായാംഗലേയർ
തീരാൻ ലക്ഷ്യം ചുരുങ്ങുന്നളവു തിരുവിതാം-
ങ്കൂറു മങ്കൂറുകേറി-
ധാരാളം നല്കിയല്ലോ തുണ,യതിൽവളരും
മൈത്രിയേ മൈത്രിയാവൂ. 86

പേരിന്നായിട്ടു കാട്ടും നാടപടി മുഴുവൻ
        സാർവ്വഭൌമക്കൾപോലും
പേരിന്നായ്ത്തീരു,മസ്മൽക്ഷിതിപതി തുടരും
        ശുദ്ധനിഷ്കാമകർമ്മം
ഭൂരിഖ്യാതിക്കു വിത്തുംവളവുമുദകവും ചേർപ്പൂ ;
        സൂക്ഷ്മം നിനച്ചാൽ
പാരിൽ സ്വച്ഛന്ദചാരം പുക,ളതിൽ വെറുതേ
        വാരണപ്രേരണങ്ങൾ. 87

കാമം വേണിക്കു മുല്ലപ്പൂന്തുമലർ ; നയന-
        ത്തിന്നു കർപ്പൂര മാത്ത-
പ്രേമം ചുണ്ടിന്നിളംപുഞ്ചിരി ; രുചിരഗള-
        ത്തിന്നു മുക്താകലാപം ;
ഓമൽക്കാതിന്നു ശ്രീമക്കമെലമണിമയ-
        ക്കമ്മൽ ; മേനിക്കു വെൺപ,-
ട്ടീമട്ടാശാവധുക്കൾക്കരിയ നൃപയശ-
        സ്സേതിന്നാവാതെയില്ല ! 88

സ്തോകം ശബ്ദാർത്ഥകോശം ; ബഹുവിരളമല-
        ങ്കാര,മത്യന്തതുച്ഛം
പാകം; ശൂന്യം ഗുണൌഘം ; ധ്വനിയുടെ കഥയോ
        ചൊല്ലിടാനില്ല,യെന്നായ്
നാകസ്ത്രീസഞ്ചയത്തിൻ നടുവിൽ നളിനജ-
        സ്വാമിദാരങ്ങൾപോലും
മൂകത്വംപൂണ്ടു മൂലംനൃപനുടെ വിലസൽ-
        കീർത്തി വാഴ്ത്തുന്നതില്ല. 89

സൌഗമ്യംപൂണ്ട സാരസപാത്രരസനയിലും
ഗാനതാനപ്രദാന-
പ്രാഗത്ഭ്യം സ്തോകമാമീവിഷയമധികരി-
ച്ചാശപോലാലപിപ്പാൻ
രാഗജ്ഞൻ പാരിലില്ലെന്നറികിലുമിഹ ഞാൻ
പണ്ഡിതന്മാൎക്ക കണ്ണോ-
ദ്വേഗം നല്കുന്ന നിൎല്ലജ്ജതയുടെ തുണയാ-
ലാവതും വാവദൂകൻ. ൯൦

വന്മേധാശാലിയാമീവരവിഭവനജാ-
താരി ഭ്രൂപാരിജാതം
ചെമ്മേ പാലിച്ചു മേന്മേലുദയസമുദയം
തഞ്ചിടും വഞ്ചിനാടേ !
സമ്മേളിക്കാതെയെന്തുണ്ടൊരു ശുഭമേവിടെ-
യ്യിന്നു സൂക്ഷ്മംനിനച്ചാ-
ലമ്മേ ! ഭാവൽക്കഭാഗ്യോൽക്കരമഹിമകരനി-
ത്തമ്പുരാനംബുരാശി ! ൯൧

ഇന്നാനാസൽഗുണങ്ങൾക്കിനിയനിലയമാം
കുംഭിനീജംഭഭേദി-
ക്കിന്നാണായുസ്സിലൎദ്ധം തികയുവതു വയ-
സ്സമ്പത്തുംപത്തുമായി ;
മന്നാകെഷ്ഷഷ്ടിപൂൎത്തിപ്രഥിതമഹമകം-
കൊണ്ടു കൊണ്ടാടിടുന്നോ-
രിന്നാളിൻമേന്മയാൎത്താലിതുവരെയുമഹോ-
സ്തുല്യജം ക്ഷുല്ലജന്മം. ൯൨

പാടട്ടേ പഞ്ചമത്തിൽപ്പരഭൃതമിളമേൽ ;
        പാരിജാതപ്രസൂനം
പോടട്ടേ പൊൽക്കരംകൊണ്ടമരരഖിലരും
        പോഷിതാശേഷതോഷം ;
കൂടട്ടേ കൂത്തിന്നായിക്കൗതുകമൊടു കുരംഗാക്ഷി-
        മാർ ; ഹന്ത ! നാമും
നേടട്ടേ നേർന്ന നേർച്ചയ്ക്കുഗതികൾ നെടുനാൾ-
        ക്കിപ്പുറം സൽഫലത്തെ. 93

ആശാവക്ത്രം തെളിഞ്ഞും, കിളികൾ കളകളം
        തേടിയും, മന്ദവാതം
വീശാനായിത്തുടർന്നും, നഗരനിരയലം-
        കാരമോരോന്നണിഞ്ഞും,
ആശാലാഭാർണ്ണവത്തിൽ ജനമിളകിമറി-
        ഞ്ഞാർത്തുമേളിച്ചുമിക്ഷ്മാ-
ധീശാഗ്ര്യന്നുല്ലസിപ്പൂ ധൃതസകലജഗ-
        ത്തുഷ്ടിയാം ഷഷ്ടിപൂർത്തി. 94

ലോകത്തിന്നാകമാനം ഹൃദയപദവിയിൽ
        സാന്ദ്രപീയൂഷപൂരം
സേകംചെയ്യും, കള്ളക്കെപ്പൊതുവിൽ മിഴിയി-
        ണയ്ക്കഞ്ജനച്ചാർത്തണച്ചും
ആകണ്ഠാനന്ദബാഷ്പപ്പുഴയിലുടലുടൻ
        മുക്കിയും, സൌഖ്യസമ്പത്-
സാകല്യം കൈവളർപ്പോരനഘദിനഘടാ-
        സൽപ്രഭോ ! സുപ്രഭാതം ! 95

കാമം നീഹാരതോയപ്രമദനയനനീർ
      വെണ്മണൽപ്പുഞ്ചിരിപ്പൂ,-
ത്തോമൽസ്രഗ്ഭക്തതാരണാലംകൃതി, ബഹളമിളൽ-
      പൌരരോമാഞ്ചമേവം
ശ്രീമത്താം വേഷമെന്നും തെരുവുകൾ വഴിയായ്
      ഘോഷയാത്രയ്ക്കു വഞ്ചി-
ക്ഷ്മാമംഗല്യം പുറപ്പെട്ടരുളി ; മിഴിയിണേ !
      ഭാവുകം താവകീനം. 96

മുന്നിൽക്കാണുന്ന മൂലക്ഷിതിപതിയെ,യിതാ-
      ണിജ്ജനങ്ങൾക്കു വായ്ക്കും
കന്നിസ്സൌഭാഗ്യമൂലം, കനിവുമഴപൊഴി-
      ക്കുന്ന കല്യാണമേഘം ;
മന്നിൻ മാണിക്യമാല്യം, മധുമധനകഥാ-
      മഞ്ജരീചഞ്ചരീകം ;
പൊന്നിൻ പൂമേനി; വഞ്ചിക്ഷിതിയുടെ സുകൃത-
      പ്പാൽക്കടൽപ്പൂർണ്ണചന്ദ്രൻ. 97

കണ്ടാനന്ദിക്ക കണ്ണേ ! കഥകളധികമാമ്-
      കേട്ടു മോദിക്ക കാതേ !
കൊണ്ടാടിക്കൊള്ളു നാവേ ! കളിരെഴുമമൃത-
      ച്ചാറിൽ മജ്ജിക്ക ഹൃത്തേ !
ഉണ്ടായ് ശ്രീരാമചന്ദ്രൻ തിരുവടിയൊരുകാ-
      ലത്തു ; പിന്നെദ്ധരിത്രീ-
കണ്ഠാലങ്കാരമാമീ നൃപനമൂടിതനായ് ;
      ധന്യരാമന്യരാരോ ? 98

പ്രാന്താഗ്രം രാജധാനിക്കുടയനിലയിൽനി-
ന്നുല്ലസിക്കും വിധത്തിൽ
താൻതാനീനാടുപാലിച്ചുലകിനനുദിനം
ചാരിതാൎത്ഥ്യം വളൎത്തി
സ്വാന്താനന്ദം ജനങ്ങൾക്കരുളിവിലസുമീ-
സ്വാമിയെപ്രേമപൂൎവ്വം
നാന്തായുസ്സാക്കിടട്ടേ നളിനജനഗജാ-
നാഥനാരായണന്മാർ ! 99

താനാൽക്കുന്നതെല്ലാം കരബദരസമം
തീൎന്ന സന്താനസമ്പ-
ത്തുനാപേതം തഴച്ചീയുലകിനൊരു വിള-
ക്കെന്നമട്ടെന്നുമെന്നും
നാനാസൌഭാഗ്യസൌഖ്യക്കടലിൽ നവയശ-
സ്സോടു മൂലോഡുജാത-
ക്ഷ്മാനാഥസ്വാമി നീന്തുന്നതിനു കനിയുമാ-
റാക നാളീകനാഭൻ ! 100

ചേലിൽപ്പുത്രൎക്കുതുല്യം സ്വപുരജനപദാ-
ഗാരമാം പേരെയെല്ലാം
പാലിക്കും മൂലവഞ്ചിക്ഷിതിസുകൃതചരീ-
പാകമാകല്പകാലം
താലിത്തങ്കപ്പതക്കപ്പടി ധരണിമഹേ-
ളയ്ക്കു മേളിയ്ക്കുവാൻ നിൻ-
കാലിക്കാണെന്നോൎക്ക തായേ ! തുണ ; കനിക മണീ-
സാനുധാനുഷ്ടജായേ ! 101

---

# ടിപ്പണി

(ഉള്ളൂർ എസ്. കൃഷ്ണയ്യർ എഴുതിയതു്)

1. മൂലംനാറം=മൂലനക്ഷത്രം. മററം=അത്യധികം. ആളും=ആളുന്ന, അനുഭവിക്കുന്ന. മുഴസുകൃതഫലം= പൂർണ്ണമായ പുണ്യത്തിന്റെ ഫലം. മഹാരാജാവു തിരുമനസ്സിലെ തിരുവവതാരം നിമിത്തമാണല്ലോ മൂലത്തിനു് ലോകത്തിൽ ഇത്രമാത്രം പ്രശസ്തി വന്നിട്ടുള്ളതു്. അതിനാൽ തിരുമേനി മൂലനക്ഷത്രത്തിന്റെ പുണ്യപരിപാകമാണെന്നു കവിയുടെ ഉല്ലേഖം. മുഖ്യവഞ്ചിക്ഷിതിശ്രീമൂലം=മുഖ്യമായ വഞ്ചിക്ഷിതിയുടെ ശ്രീക്കു് മൂലം=ശ്രേഷ്ഠമായ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഐശ്വര്യത്തിനു കാരണം. തിരുവിതാംകൂറിനു് വഞ്ചി, വേണാട്ടു്, ഈരണ്ടു പേരുകളും പണ്ടേയുള്ളതാണു്. വഞ്ചി ചേരരാജാക്കന്മാരുടെ പഴയ രാജധാനിയായിരുന്നു. ഇതിനെയാണു് തിരുവഞ്ചിക്കുളം (തിരുഅഞ്ചൈക്കളം) എന്നും പറയുന്നതു്. ഇതു കൊടുങ്ങല്ലൂരിനു സമീപമാണു്. ക്ഷിതി=ഭൂമി. മൂർദ്ധാഭിഷിക്തന്മാർ =മൂർദ്ധാവിങ്കൽ കിരീടധാരണസമയത്തിൽ അഭിഷേകം ചെയ്യപ്പെട്ടവർ, രാജാക്കന്മാർ. വ്രജം=കൂട്ടം. മുകുടം=മകുടം, കിരീടം. മിളത്തു്=മേളിക്കുന്നതു്, ചേരുന്നതു്. മുഗ്ദ്ധം=മനോഹരം. മുക്താ=മുത്തു്. കലാപം=ആഭരണം. രാജാക്കന്മാരുടെ കിരീടത്തിൽ ചേരുന്ന മുത്തുമാല. രാജശ്രേഷ്ഠന്മാരിൽ ശ്രേഷ്ഠൻ എന്നു താല്പര്യം. അംഭോരാശി=സമുദ്രം. പാലംഭോരാശി=പാൽക്കടൽ. അതിന്റെ കന്യ=ലക്ഷ്മീദേവി. സമുദ്രമഥനത്തിൽ അവതരിക്കുകയാൽ ലക്ഷ്മിക്കു ക്ഷീരസാഗര

കന്യക എന്ന പേർ സിദ്ധിച്ചു. ലക്ഷ്മീദേവിയുടെ ഭർത്താവു ശ്രീ പത്മനാഭസ്വാമി. അവിടത്തെ ഭജനവിഷയത്തിൽ (പരാധീനം) ദാസ്യത്തെ സ്വീകരിച്ചിട്ടുള്ളതു്. ശ്രീ പത്മനാഭദാസനെന്നു താല്പര്യം. അന്യൂനകീർത്തി=(കുറവില്ലാത്ത) പരിപൂർണ്ണമായ യശസ്സു്. ആലംബം=ആശ്രയസ്ഥാനം. രാമവർമ്മാഭിധം="രാമവർമ്മാ" എന്ന (അഭിധ) നാമധേയത്തോടുകൂടിയതു്. അവനകലാലാലസം = രാജ്യരക്ഷാകലയിൽ സദാ വ്യാപൃതമായിട്ടുള്ളതു്, ആകലയിൽ സന്തോഷിക്കുന്നതു്. ഈ വിശേഷണങ്ങളെല്ലാം മൂർദ്ധാഭി -കലാപം എന്ന വിശേഷ്യത്തെ വിശേഷിപ്പിക്കുന്നു. ലാലസിപ്പൂ=അധികമായി ശോഭിക്കുന്നു. ഈ പദം സംസ്കൃതത്തിലെ യങ്ലുഗന്തത്തെ ഭാഷയിൽ പകർത്തുമ്പോൾ വരുന്നതാണു്. ഇതു സംസ്കൃതത്തിൽതന്നെ വൈദികമാണെന്നു സിദ്ധാന്തിക്കുന്ന പണ്ഡിതന്മാർ ഉണ്ടു്. അവരോടു കൈരളിക്കു പല കാരണങ്ങൾകൊണ്ടും ബ്രാഹ്മസ്വത്തിനവകാശമുണ്ടെന്നാണു് സമാധാനം പറവാനുള്ളതു്. ലാലസിക്കുന്നു, രാരാജിക്കുന്നു, ഈ രണ്ടു പദങ്ങളല്ലാതെ ഭാഷയിൽ ഈ മാതിരിയിൽ പ്രയോഗിച്ചു് ഇതുവരെ കണ്ടിട്ടില്ല.

2. ആനന്ദത്തുമരന്ദപ്പുഴ—ആനന്ദമാകുന്ന (തു) പരിശുദ്ധമായ തേൻപുഴ. അകം അഴിഞ്ഞു്=ഉൾക്കെട്ടുവിട്ടു്, നിരങ്കുശമായി സ്വയമേവ എന്നു താല്പര്യം. സ്യാനന്ദൂരം =തിരുവനന്തപുരം. സ്യാനന്ദൂരസ്ഥം = സ്യാനന്ദൂരത്തിൽ സ്ഥിതി ചെയ്യുന്നതു്. സത്തു്=നല്ലതു്. ക്ഷ്മാശതമഖമണി =ക്ഷ്മാശതമഖന്മാർക്കു (ഭൂമിയിലെ ദേവേന്ദ്രന്മാരായവർക്കു്, രാജാക്കന്മാർക്കു്) മണി, രത്നം. രാജരത്നമെന്നു താല്പര്യം.

ഷഷ്ടിപൂർത്തി=അറുപതാമത്തെ വയസ്സിന്റെ പൂർത്തി. ഷഷ്ടി എന്നാൽ അറുപത്. ഷഷ്ടി ആറാമത്തെ തിഥി. ഗാനംചെയ്യുംകവീന്ദ്രർ = തിരുമനസ്സിലെ ഷഷ്ടിപൂർത്തിപരമായി പല കവികളും ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ പ്രസാദമാലയും, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ വഞ്ചീശവംശവും, എം. രാജരാജവർമ്മ തമ്പുരാന്റെ ശ്രീമൂലവിജയവും, പന്തളത്തു കേരളവർമ്മതമ്പുരാന്റെ ശ്രീമൂലപ്രകാശികയും, പി. കെ. നാരായണപിള്ളയുടെ ശ്രീമൂലമുക്താവലിയും വിശിഷ്യ സ്മരണീയങ്ങളാണ്. കളകളം=ജനസമൂഹത്തിൽ നിന്നുപുറപ്പെടുന്ന അവ്യക്തശബ്ദം. അജ്ഞൻ=അറിവില്ലാത്തവൻ. അവനിഭൃൽഭക്തി=അവനിഭൃത്ത്=അവനിയെ ഭരിക്കുന്നവൻ രാജാവ്. പ്രബലമായ രാജഭക്തിയുടെ പ്രേരണയില്ലെങ്കിൽ കവി നിശ്ശങ്കമായി ഈ സാഹസത്തിനു തുനിയുകയില്ലായിരുന്നു എന്നു താല്പര്യം.

3. പാലാഴിപ്പെണ്ണിതലാരം=ലക്ഷ്മീദേവി. (പട്ടനടനം) സാമർത്ഥ്യത്തോടുകൂടിയ നടനത്തിനുള്ള പൂപ്പന്തൽ. തിരുവിതാംകൂറിൽ ലക്ഷ്മീഭഗവതി വിശേഷമായി വിഹരിക്കുന്നു; അതായതു തിരുവിതാംകൂർ സവിശേഷം ഐശ്വര്യവത്തെന്നു സാരം. ത്രിലോകി=സ്വർഗ്ഗം, ഭൂമി, പാതാളം, ഈ മൂന്നു ലോകങ്ങൾ. ഭാലം, ഫാലം, നെററി. ഭാലാലങ്കാരം=തിലകം. മൂന്നു ലോകങ്ങളിലുംവെച്ചു ശ്രേഷ്ഠമായ ഭാഗം. ഭവികസമുദയം=മംഗലങ്ങളുടെ കൂട്ടം. അവയ്ക്കു ഉദാരകേദാരം=ഉൽകൃഷ്ടമായ വിളഭൂമി. ഈ ദേശവാസികൾക്കു സകലമംഗളങ്ങളും സിദ്ധിക്കുന്നു എന്നു താല്പര്യം.

ചേലു്=ഭംഗി. ദാക്ഷിണാത്യക്ഷിതി=ദക്ഷിണാപഥം, ഡക്കാൺ. വേലാതീതപ്രഭാവം=കരകവിഞ്ഞുള്ള സമ്പത്തിൻെറ ആധിക്യം കൊണ്ടുള്ള മഹത്ത്വം. വിരുതിൽ=വിജയത്തോടുകൂടി. വിശ്വൈകവശ്യം=ലോകം മുഴുവൻ വശീകരിക്കുന്ന വസ്തു, അതിമനോഹരം.

4. വാണീകാന്തൻ = സരസ്വതിയുടെ ഭർത്താവു്, ബ്രഹ്മാവു്. യജിക്കുക=യാഗം ചെയ്യുക. ബ്രഹ്മാവിൻെറ യാഗം വർക്കലയിൽ വച്ചു നടന്നതായി സ്ഥലപുരാണം. ദനുജരിപു=ദാനവാരി, മഹാവിഷ്ണു. സുഖസ്വാപം=ഗാഢനിദ്ര. ശ്രീപത്മനാഭൻ തിരുവനന്തപുരത്തു പള്ളികൊള്ളുന്നു. ഗിരീശൻ=ശ്രീപരമേശ്വരൻ, ഇവിടെ അർത്ഥാൽ അവിടുത്തെ ഒരവതാരമെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്ന ആദിശങ്കരാചാര്യസ്വാമി. ക്ഷോണീരക്ഷയ്ക്കിണങ്ങുംവിധം =ഭൂമിയുടെ രക്ഷയ്ക്കു് ഉതകുന്ന വിധത്തിൽ. ബൌദ്ധാദിമതങ്ങളുടെ അപൂർണ്ണതയെ വെളിവാക്കി അദ്വൈതമതത്തിൻെറ പാരമ്യത്തെ സ്ഥാപിച്ച ആചാര്യസ്വാമി അവതരിച്ചതു കാലടിയിലാണെന്നു ചരിത്രപ്രസിദ്ധമാണല്ലോ. ഇന്ദ്രൻ തപസ്സു ചെയ്തതു ശുചീന്ദ്രത്തിലാണു്. ദേവേന്ദ്രൻെറ വൃത്രഹത്യാപാപത്തിനു ശാന്തി അവിടെവച്ചുണ്ടായതായി സ്ഥലപുരാണം ഘോഷിക്കുന്നു. ഇങ്ങനെവാണു്= ഇരുന്നു്. ഈടാന്നു്=ഘനമായി, പഴക്കത്തിൽ, അധികമായി. വസുമതി=ഭൂമി, രാജ്യം. മഹിത=പ്രസിദ്ധ. ചിത്രവൃത്തം=അത്ഭുതമായ ചരിത്രം. നാണീയസ്സു്=ഒട്ടും ചെറുതല്ലാത്തതു്, വലുതു്. പ്രശസ്തിധ്വജം=കീർത്തിക്കൊടിമരം. ഉലകുപതിന്നാലു്=ഭൂലോകം, ഭുവർല്ലോകം, സ്വർല്ലോകം,

മഹർല്ലോകം, ജനലോകം, തപോലോകം, സത്യലോകം ഈ ഏഴു മേൽലോകങ്ങളും, അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസാതലം, പാതാളം ഈ ഏഴു കീഴ്ലോകങ്ങളും. ത്രിമൂത്തികളുമായുള്ള സംബന്ധംകൊണ്ടും മററും തിരുവിതാംകൂറിന്റെ യശസ്സ് അന്യാദൃശമാണെന്നു സാരം.

5. പാരാവാരകാഞ്ചി=സമുദ്രം മേഖലയായുള്ളതു് ഭൂമി. ഭൂതടത്തിനു കിരീടരത്നം=ഉത്തമഭൂമി. ഈശർ=നാഥർ. സാക്ഷാൽ=സുപ്രസിദ്ധമായ എന്നു താല്പര്യം. തൃപ്പാപ്പൂരനാലയം=തൃപ്പാപ്പൂർ രാജവംശം. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ വംശത്തിന്റെ പേർ. ആ വംശമാകുന്ന സമുദ്രത്തിൽ ജനിച്ച രാജചന്ദ്രന്മാർ. നൽപാൽ കുമ്പിട്ട=ഏററവും ധവളമായ. കീത്തിക്കതിർ=യശസ്സാകുന്ന രശ്മി. നവനവം=പുത്തൻപുത്തൻ. നൽപാദം=അവരുടെ കാലെന്നും, (ചന്ദ്രപക്ഷത്തിൽ) കിരണമെന്നും. താങ്ങ്= ആശ്രയം. തണൽ=നിഴൽ. ഉലകിന്ന് അവർ തന്നെയാണു് താങ്ങും തണലുമെന്നുള്ള നിലയിൽ ശോഭിക്കുന്നു.

6. ഓമൽ=മനോഹരമായ, തന്റെ കാന്തിയെ അധഃകരിച്ച ധവളധവളം=ധവളങ്ങളിൽ വച്ചു ധവളം, ഏററവും ധവളം. ശക്രലോകം=ദേവലോകം, മുകളിലേക്കു് എന്നു താല്പര്യം. ചന്ദ്രമണ്ഡലത്തെ അതിക്രമിച്ചു വേണമല്ലോ ദേവലോകത്തിൽ പോകുന്നതിനു്. വംശമൂലം=വംശത്തിന്റെ ഉല്പത്തികാരണം. ഈ മഹാരാജാക്കന്മാർ ചന്ദ്രവംശജന്മാരാണെന്നു പ്രസിദ്ധി. അന്നോടന്നു് =പ്രതിദിനം. അംബരാന്തസ്സമുദിതൻ = ആകാശത്തിന്റെ അന്തർഭാഗ

ത്തിൽ നിന്നു് ഉദിച്ചവൻ. അവലോകിക്കുക=കാണുക. ചന്ദ്രൻ വൈരസ്യം കൂടാതെ എന്നും ഈ കാഴ്ച കാണുന്നതി ന്നുള്ള സമാധാനം ഒടുവിൽ പറയുന്നു. ദർപ്പോദ്ധതതാം= അഹങ്കാരാതിശയം. കുന്നോളം=വളരെ അധികം അങ്ങനെ യുള്ള മഹാഗർവിഷ്ഠന്മാൎക്കും തന്റെ വംശജാതന്മാർ ചെ യ്യുന്ന പരാഭവം സമ്പ്രീതിഹേതുവാണെന്നു സമാധാനം. "പുത്രാദിച്ഛേൽപരാഭവം" എന്നുള്ള വചനം നോക്കുക.

7. പാരാകെ=ലോകമാകപ്പാടെ. ഭാരതയുദ്ധം പ തിനെട്ടു ദിവസത്തേയ്ക്കായിരുന്നു. ദ്വാപരയുഗത്തിന്റെ അവസാനത്തിൽ നടന്ന ഈ യുദ്ധത്തിൽ അന്നു കേരളം രക്ഷിച്ചിരുന്ന ഉദയൻ (ഉതിയൻ) എന്ന ചേരരാജാവു് പാണ്ഡവപക്ഷത്തെ സഹായിക്കുന്നതിനായി സൈന്യസ മേതം കുരുക്ഷേത്രത്തിലേയ്ക്കു പോയി എന്നും അന്നദാന ത്തിനു് അതിനു മുൻപു തന്നെ കേൾവിപ്പെട്ടിരുന്ന ആ മഹാനുഭാവനെ ഇരുപക്ഷത്തിലുമുള്ള ഭടന്മാൎക്കും ഭക്ഷ ണം കൊടുക്കുന്നതിലേക്കായി ധൎമ്മപുത്രർ നിയോഗിച്ചു എന്നും ആ നിയോഗത്തെ അദ്ദേഹം യഥാവിധി അനുഷ്ഠി ച്ചു എന്നും ഐതിഹ്യം. ഈ ഐതിഹ്യത്തെ മുരഞ്ചി യൂർ മുടിനാഗരാജൻ എന്ന ദ്രാവിഡകവി പുറനാനൂറു് എന്ന ഗ്രന്ഥത്തിൽ വിവരിച്ചു കാണുന്നു. ഇളങ്കോവടിക ളുടെ ചിലപ്പതികാരത്തിലും ഇതിനെപ്പററി പ്രസ്താവിച്ചി ട്ടുണ്ടു്. എല്ലാംകൊണ്ടും ഈ ഐതിഹ്യം വിശ്വസനീയ മാണെന്നുള്ളതിനു സംശയമില്ല "ധർമ്മാസ്മൽ കുലദൈ വതം" എന്നുള്ള മുദ്രാവാക്യം തിരുവിതാംകൂർ മഹാരാജാ ക്കന്മാൎക്കു ഭാരതയുദ്ധകാലം മുതൽക്കു തന്നെയുള്ളതെന്നു

കാണിക്കുന്നതിനാണ് ഇതു് ഇവിടെ എടുത്തു ചേർത്തിട്ടുള്ളതു്. ആയോധനം=യുദ്ധം. പാരാതെ=ഒട്ടും താമസിക്കാതെ. നിദാനം=എന്നും, ആ പതിനെട്ടു ദിവസവും. ധർമ്മജാതാവലംബം=ധർമ്മസമൂഹത്തിനു് ആശ്രയമെന്നും, ധർമ്മപുത്രക്കു് ആശ്രയമെന്നും. പെരുഞ്ചോററുദയൻ എന്നാൽ ധാരാളം ചോറുകൊടുക്കുന്ന ഉദയൻ എന്നർത്ഥം. ഈ ബിരുദം അദ്ദേഹത്തിനു് അന്നദാനം നിമിത്തം സിദ്ധിച്ചതായാണു് മുടിനാഗരാജനും മററും പ്രസ്താവിക്കുന്നതു്. തിരുവിതാംകൂർ ചേരരാജ്യത്തിന്റെ ഒരംശം ആകയാൽ ഉദയൻ വഞ്ചീന്ദ്രനായി.

8. ഒരുകാലം= മഹാഭാരതകാലം. ഇതിനു് ഇംഗ്ലീഷുകാരുടെ അഭിപ്രായത്തിൽ പോലും മൂപ്പത്തഞ്ചുശതവർഷത്തിന്റെ പഴക്കമുണ്ടു്. അശേഷക്ഷിതിധവർ=എല്ലാ (ഭൂമിയുടെ ഭർത്താക്കന്മാർ) രാജാക്കന്മാരും. ആദർശം=മാതൃക. സരണി=മാർഗ്ഗം. സാധുക്കൾ=സജ്ജനങ്ങൾ. മാതൃകാരാജാക്കന്മാരെന്നു മററു രാജാക്കന്മാരെല്ലാവരും ആദരിക്കത്തക്ക നിലയിൽ സാധുക്കളെ സംരക്ഷിക്കുന്നവർ എന്നു താല്പര്യം. ചിത്ത്=ബോധം. ചിൽ കാതൽ= ബോധമാത്രമായ വസ്തു, ഈശ്വരൻ, ശ്രീപത്മനാഭൻ. തൽകാരുണ്യം= അവിടുത്തെ കൃപ. ധര=ഭൂമി. ധന്യാഗ്രഗണ്യർ= ഭാഗ്യവാന്മാരിൽ വച്ചു ശ്രേഷ്ഠന്മാർ. ഇതരരാജാക്കന്മാർ= മാതൃകയായി സ്വീകരിക്കുന്നതോടുകൂടി ഈശ്വരകാരുണ്യവുമുണ്ടായാൽ അതിലധികമായി എന്തു ഭാഗ്യമാണു് വരാനുള്ളതു് എന്നു വിവക്ഷ.

9. ധർമ്മത്തെദൈവമാക്കി. ഈ മഹാരാജാക്കന്മാരുടെ മുദ്രാവാക്യം നോക്കുക. യാതൊന്നിനാൽ ലോകം

ധരിക്കപ്പെട്ടന്നുവോ അതു ധർമ്മം. ഈ നിലയിൽ കർത്ത വ്യകർമ്മമെന്നാണ് ആ പദത്തിൻെറ ശരിയായ അർത്ഥം ദാനം ഒരു പ്രധാനധർമ്മം (ഈ ഗ്രന്ഥകാരൻെറ സദാചാര ദീപിക നോക്കുക) ആകയാൽ കാലാന്തരത്തിൽ അതിനു അന്നവസ്ത്രാദിദാനമെന്നും വ്യാവഹാരികമായ ഒരർത്ഥം സി ദ്ധിച്ചിട്ടുണ്ടു്. തനതുജനത=സ്വപ്രജകൾ. ശാശ്വതം= എന്നെന്നേക്കമുള്ളതു്. ഏറുക=വർദ്ധിപ്പിക്കുക. കല്യഷം =പാപം. നർമ്മം=കളി. കളിയിൽക്കൂടി നന്മതന്നെ ചെ യ്യുന്നവരാണെന്നു താല്പര്യം. മർമ്മജ്ഞന്മാർ=(മർമ്മം) സ ത്തറിയുന്നവർ.

10. വധൂടി-യുവതി. നിസ്തുല്യം=അന്യാദൃശം. മം ഗല്യലക്ഷ്മിക്കു മോക്ഷം. ഭർത്താവെന്നു താല്പര്യം. കംസഭി ത്ത്=കംസനെ നശിപ്പിച്ചവൻ, മഹാവിഷ്ണു. ദേവൻ=ദി വ്യൻ, രാജാവ്. ഋക്ഷം=നക്ഷത്രം. ഉജ്ജ്വലത്തു്=മിന്നി ത്തിളങ്ങുന്നതു്, മനോഹരം. ഈ വംശത്തിലെ (സ്ഥൂലം) വലുതായ മുത്തിൻെറ സ്ഥാനം. വംശത്തിന്, മുളയെന്നും കുലമെന്നും രണ്ടർത്ഥം. മുളയിൽനിന്നു മുത്തുണ്ടാകുന്നതായി കവിസങ്കേതം. അധിരോഹിക്കുക=കയറുക. കൈവല്യം, കല്യാണരാഗം, ദേവൻ, ഇവ മൂലർക്ഷജക്ഷ്മാരമണൻെറ വിശേഷണങ്ങൾ.

11. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സു കൊണ്ടു് 1033 കന്നി 11-ാംനു- തിരുവതാരം ചെയ്തു. തിരു മനസ്സിലെ മാതാവ് പൊന്നമ്മത്തമ്പുരാൻ എന്നു കൂടി പേരുള്ള റാണി ലക്ഷ്മിഭായി തിരുമേനിയും പിതാവ് ചങ്ങ നാശ്ശേരി കുടുംബത്തിൽ ജനിച്ച രാജരാജവർമ്മ കൊച്ചു

കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടുമായിരുന്നു. തിരുവവതാരം ചെയ്ത പതിനൊന്നാമത്തെ ദിവസം ഇരുപത്തെട്ടാമത്തെ തിരുവയസ്സിൽ ലക്ഷ്മീരാജ്ഞി നാടുനീങ്ങി. ഒരു കൊല്ലംകഴിഞ്ഞപ്പോൾ പിതാവും യശശ്ശരീരനായി. അന്നു നാടുവാണിരുന്ന ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു് ലക്ഷ്മീരാജ്ഞിയുടെ മാതുലനായിരുന്നു. 1022-ൽ രാജ്യഭാരമാരംഭിച്ച ആ തിരുമേനി 1036-ൽ പരഗതിയെ പ്രാപിച്ചു. മൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു കൂടെപ്പിറന്നതിൽ ഒരു ജ്യേഷ്ഠൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടുന്നാണു് അത്തം തിരുനാൾ. ആ തിരുമേനി ഇരുപത്തിരണ്ടാമത്തെ തിരുവയസ്സിൽ 1052-ൽ നാടുനീങ്ങി. മഹിതമായ ബുദ്ധിയോടുകൂടിയവനും ശോഭിക്കുന്നവനും. ക്ഷ്മാതാരാനാഥൻ=ഭൂമിക്കു ചന്ദ്രനെപ്പോലെയുള്ളവൻ, രാജാവു്. വിലംഘിക്കുക=കഴിച്ചുകൂട്ടുക. വിമലഗുണങ്ങൾക്കു് (ആരാമം) ഉദ്യാനമായുള്ളവൻ.

12. കട്ടക്കിടാവു്=അപ്പോൾ പിറന്ന ശിശു. തള്ളി=വിട്ടും വച്ചു്. അമരപുരി=അമരാവതി. ഇന്നും ദേവലോകത്തിനു് ഒരഭംഗുര ദീപമായി ലക്ഷ്മീരാജ്ഞി പരിലസിക്കുന്നു എന്നു താല്പര്യം. ആത്മജൻ=കഥാനായകനായ മഹാരാജാവു്. പൃഥുലം=വലുതു്. നൂനം=നിശ്ചയം. നിദാനം=ആദികാരണം. സാഫല്യപൂർണ്ണം=സഫലമായുള്ളതു്.

13. വഞ്ചിക്കു് ആഭരണമായുള്ള മാണിക്യരത്നം. മാതൃഭാഷ=മലയാളം. അപ്പുറം=അതിൽപിന്നീടു് കെല്പുറയ്ക്കെ=ശക്തി ഉറച്ചപ്പോൾ. ഫൌണി=ഇംഗ്ലീഷുഭാഷ. അപരകളാംവാണികൾ=തമിഴ്, ഹിന്ദുസ്ഥാനി മുതലായ ഭാഷകൾ. വിശേഷിച്ചു്=സാമാന്യത്തിലധികമായി.

14. (വേലാതീതം) കരകവിഞ്ഞുള്ളതും (ഉരു) വലുതും ആയ വിദ്യാസമുദ്രം. വിഹരിക്കുക=ക്രീഡിക്കുക. ഇതല്ലാതെ ആ ബാലനു വേറെ വിഹാരമില്ലെന്നു ധ്വനി. (അനന്ത)ഭൂമിക്കു അധിപൻ=രാജാവു്. ആഭോഗം=വിസ്താരം. ലീലാലോലം=കളികളിൽ ആഗ്രഹത്തോടുകൂടിയതു്. ആലാപം=വർത്തമാനം. അഖിലഗുരുജനങ്ങൾ=ആശാൻ നാരായണപ്പിഷാരോടിയും വാദ്ധ്യാന്മാരായ അണ്ണാജിരായർ ബീയേയും രഘുനാഥരായർ ബീയേയും.

15. ഹൂണഭാഷ=ഇംഗ്ലീഷുഭാഷ. മഹിള=സ്ത്രീ. ഗളൽപങ്കം=സങ്കോചമില്ലാത്ത, സൈ്വരമായുള്ള. അങ്കപാളി=ആലിംഗനം. ഏകാന്തം=തനിച്ചുള്ളതു്. അതായതു് ഹൈരണിയുടെ ഭർത്താവാകത്തക്കവണ്ണം അത്രമാത്രം ആ ഭാഷയിൽ പാണ്ഡിത്യമുള്ള എന്നു താല്പര്യം. സലിലനിധിലസന്മേഖല=സമുദ്രമാകുന്ന ശോഭയോടുകൂടിയ മേഖലയോടുകൂടിയതു്, ഭൂമി. ലേഖനാഥൻ=ദേവേന്ദ്രൻ. ഭൂമിക്കു ദേവേന്ദ്രൻ, രാജാവു്. ആകാരം=രൂപം. അമലം=പരിശുദ്ധം, ആംഗലക്ഷ്മാനാകാധീശാഗ്ര്യന്മാർ = ഇംഗ്ലീഷുരാജശ്രേഷ്ഠന്മാർ. അവരാകുന്നമുത്തുമാലയ്ക്കു നടുവിലെഴുംനായകക്കല്ലു്=അവരിൽ ശ്രേഷ്ഠൻ. കണ്ടാൽ ഒരു ഹിന്ദുവാണെങ്കിലും സംസാരിക്കുന്നതുകേട്ടാൽ ഇംഗ്ലീഷുകാരുടെ രാജാവെന്നല്ലാതെ തോന്നുകയില്ല. അതായതു് അത്രമാത്രം സ്വാധീനതയോടുകൂടി ആ ഭാഷ സംസാരിക്കുമെന്നു താല്പര്യം. ഇതിനെപ്പററി സർ ജോൺറീസ് മുതലായ പല പാശ്ചാത്യന്മാരും തിരുമേനിയെ പ്രശംസിച്ചിട്ടുണ്ടു്.

16. ക്ഷിതിക്ഷിത്തു്=ഭൂമിയെഭരിക്കുന്നവൻ, രാജാവു് തൂലിക=ഇവിടെ ലക്ഷണാർത്ഥത്തിൽ പേനം. ഇംഗ്ലീഷുഭാ

ഷ ഇതുപോലെ പഠിക്കാൻ ആരെക്കൊണ്ടും കഴിയുന്നത ല്ലെന്നു താല്പര്യം.

17. കുംഭോത്ഭവൻ=അഗസ്ത്യമഹർഷി. വിദ്യാസമു ദ്രത്തെ പാനംചെയ്തവൻ, വിദ്യാപാരംഗതൻ എന്നത്ഥം. സഹജഭ്രുവായ ഹസ്താവലംബം=സഹജനിൽനിന്നു ലഭിച്ച കരാലംബം. ഹസ്തനക്ഷത്രജാതനായ ജ്യേഷ്ഠന്റെ അവലം ബമെന്നുകൂടി ധ്വനി. കദനം=ദുഃഖം. അതനു=വലുതു്. സവ്വംസഹ=ഭൂമി. സഹചരി=ഭാൎയ്യ. സവ്വംസഹ ഭാൎയ്യയാ കാനിരിക്കുന്ന ഒരാൾക്കു് താനും സവ്വംസഹനാകേണ്ടതു് ആവശ്യകമാണെന്നു കവികല്പന.

18. ഏഴുമീരേഴുമേഴും=ഇരുപത്തെട്ടു. വിഭു=പ്രഭു. രാജാവു് വിശാഖംതിരുനാൾ മഹാരാജുവുതിരുമനസ്സുകൊ ണ്ടു് 1060 കക്കടകം ഒടുവിൽ നാടുനീങ്ങി. ഭുവനപി താവു്=ഈശ്വരൻ. മൂലകൻ=മൂലനക്ഷത്രത്തിൽ ജനിച്ച വൻ.

19. താരേശപ്പൂനിലാവു്=ചന്ദ്രന്റെ (പൂപോലെ യുള്ള) മൃദുവായ നിലാവു്. കീൎത്തിപ്പൂര=യശസ്തോമം. അതാ കുന്ന ജലപ്രവാഹം. മഹാകീൎത്തിമാനെന്നു സാരം. പുതിയ പതി=ശ്രീമൂലംതിരുനാൾ മഹാരാജാവു്. അഞ്ചിത=ശോ ഭിച്ചവൾ. പാരേവാഗപത്തി=വാക്കിന്റെ മറുകരയിൽവർ ത്തിക്കുന്നതു്, വാചാമഗോചരം, വണ്ണിക്കുവാൻ കഴിയാ ത്തതു്. ഭദ്രാസനം=സിംഹാസനം. ആജന്മരമ്യം=ഉണ്ടായ കാലംമുതൽക്കുതന്നെ രമണീയമായുള്ളതു്.

20. ഈ ശ്ലോകത്തിൽ ക്രി. പി. പതിന്നാലാം ശത വഷത്തിന്റെ ആരംഭത്തിൽ കേരളചക്രവത്തിയായി കൊ ല്ലത്തു രാജ്യഭാരം ചെയ്ത രവിവമ്മാവിന്റെ ചരിത്രം വണ്ണി

ക്കപ്പെട്ടിരിക്കുന്നു. ഈ രാജാവു് ജയസിംഹന്റെയും ഉമാദേവിയുടേയും പുത്രനായി ക്രി. പി. 1266-67-ൽ ജനിച്ചു. 33-ാമത്തെ വയസ്സിൽ കേരളത്തിനു മുഴുവൻ നാഥനാകയും പാണ്ഡ്യചോളരാജാക്കന്മാരെ ജയിച്ചു് 46-ാമത്തെ വയസ്സിൽ കാഞ്ചീപുരത്തിനു സമീപമായി പാലാറ്റിൽ ചെന്നു വീഴുന്ന വേഗവതീനദിയുടെ തീരത്തിൽവച്ചു ദക്ഷിണാപഥചക്രവർത്തിയായി കിരീടധാരണം ചെയ്യുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ശിലാശാസനങ്ങൾ തിരുവിതാംകൂറിലും കാഞ്ചീപുരത്തിലും ശ്രീരംഗത്തിലും കാണ്മാനുണ്ടു്. കവിഭൂഷണൻ. സമുദ്രബന്ധൻ മുതലായ അനേകം കവികൾക്ക് ആശ്രയമായിരുന്ന ഈ മഹാനുഭാവൻ പ്രദ്യുമ്നാഭ്യുദയം, മുതലായ അനേകം ഗ്രന്ഥങ്ങൾ സ്വയമേവ നിർമ്മിച്ചിട്ടുണ്ടു്. കാഞ്ചീപുരത്തുവച്ചുള്ള കിരീടധാരണത്തെയാണു് ഈ പദ്യത്തിൽ സൂചിപ്പിക്കുന്നതു്: നിജമകുടീഭാസ്സു് = തങ്ങളുടെ കിരീടങ്ങളുടെ കാന്തി. നീരാജിപ്പിക്കുക=ഉഴിയുക. നമസ്കരിച്ചു എന്നു താല്പര്യം. യഥാവന്ദ്ധരിതം=ഇപ്പോലെ. സമുദ്രമാകുന്ന വസ്ത്രത്താൽ അലംകൃതയായ ഭാരതസാമ്രാജ്യലക്ഷ്മിക്കു ഭർത്താവായിത്തീർന്നു. താരാധീശാസ്യ=ചന്ദ്രാനനസുന്ദരി. താവകീനൻ=നിന്നെ സംബന്ധിച്ചവൻ. എന്നു വഞ്ചിഭൂമിയെ അഭിസംബോധനംചെയ്തു കവി പറയുന്നു.

21. ആരാൽ=വേഗത്തിൽ. അർദ്ധക്ഷണം=ഒരു നിമിഷത്തിൽ പാതി. ശത്രുസമൂഹമാകുന്ന ഇരുട്ടിന്റെ കൂട്ടം അതിനു സൂര്യകിരണമായിട്ടുള്ളവൻ. രാജദ്രോഹികളായ പപ്പുതമ്പി, ഇരാത്തറപ്പോററി, എട്ടുവീട്ടിൽപിള്ളമാർ മുതൽപേരെ ഇല്ലായ്മചെയ്തതും കൊട്ടാരക്കരമുതൽ കൊച്ചിവരെയുള്ള ശത്രുരാജാക്കന്മാരെ ജയിച്ചതും അനിഴംതിരു

നാൾ മാർത്താണ്ഡവർമ്മമഹാരാജാവാണല്ലോ. എന്നമ്മ=വഞ്ചി. കമലങ്ങൾക്കു വാസസ്ഥാനം (കാസാരം) പൊയ്കയാണല്ലോ, ഇവിടെ (കമലയുടെ ലക്ഷ്മീദേവിയുടെ) ഐശ്വര്യത്തിന്റെ ആവാസം. വീണ്ടും തിരുവിതാംകൂറിനെ ഐശ്വര്യവത്താക്കി എന്നു താല്പര്യം. രാജീവാക്ഷസേവാരതൻ=രാജ്യം മുഴുവൻ തൃപ്പടിദാനംചെയ്തു ശ്രീപത്മനാഭദാസനെന്ന പേർ സ്വീകരിച്ചതു് ഇവിടുന്നാണു്. രാകാചന്ദ്രമസ്സ്=പൂർണ്ണചന്ദ്രൻ.

22. ടിപ്പുവൊന്നിച്ച=ടിപ്പുവോടുകൂടി. വാരു്=ദൈർഘ്യം. ഈ പദത്തിനു സൂക്ഷ്മത എന്നും മാർദ്ദവം എന്നും കൂടി ചിലപ്പോൾ അർത്ഥമുണ്ടു്. ധൌതഭാവം=ശുദ്ധി. കണ്ഠരക്തപ്പുഴയിൽ മുങ്ങിയും പൊങ്ങിയും അഴുക്കുപോയ്പോയതു്. ടിപ്പുസുൽത്താനെ ജയിക്കുകനിമിത്തം അതിധവളമായ കീർത്തി. നവ്യശ്രീരാമൻ=പുതിയ ശ്രീരാമൻ. 933 മുതൽ 973-വരെ രാജ്യഭാരം ചെയ്ത കാർത്തികതിരുനാൾമഹാരാജാവു തിരുമനസ്സിലെ നാമധേയം 'രാമവർമ്മാ' എന്നായിരുന്നു. ധർമ്മരാജൻ=ഇദ്ദേഹത്തിന്റെ ദാതൃത്വത്തെ പ്രശംസിച്ചു് ഇൻഡ്യാ മുഴുവൻ ഇദ്ദേഹത്തെ 'ധർമ്മരാജാവു്' എന്നാണു വിളിച്ചുവന്നതു്. ജീവിതേശൻ=പ്രാണപ്രിയൻ, ഭർത്താവു്.

23. 1022-ൽ നാടുനീങ്ങിയ സ്വാതിതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെപ്പറ്റിയുള്ള പദ്യം. വാണീമാതു്=സരസ്വതീദേവി. മാതു്=സ്ത്രീ. വക്ഷോരുഹയുഗളി=രണ്ടു സ്തനങ്ങളും. സംഗീതവും സാഹിത്യവുമെന്നർത്ഥം. 'സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം.'

സ്തന്യം=മുലപ്പാൽ. ഇവിടുന്ന് ഒരു മഹാകവിയും മഹാഗായകനുമായിരുന്നു. ഇദ്ദേഹത്തെ മാതാവായ ലക്ഷ്മീരാജ്ഞി ഗർഭംധരിച്ച കാലം മുതൽക്കുതന്നെ ജനങ്ങൾ രാജാവായി കരുതിയിരുന്നു. അതു് അന്നു രാജകുടുംബത്തിൽ പുരുഷസന്താനങ്ങൾ ഇല്ലായ്കനിമിത്തമാണു്. അതിനാൽ ഇദ്ദേഹത്തിനു ഗർഭശ്രീമാനെന്നും പേരുണ്ട്. ഇദ്ദേഹത്തിന്റെ ഖ്യാതി ഭാരതഖണ്ഡമൊട്ടുക്കു പ്രചരിച്ചിരുന്നു. സകലകലാഭിജ്ഞന്മാരേയും ഇവിടുന്നു യഥോചിതം ആദരിച്ചു സംരക്ഷിച്ചുവന്നു. സ്വാതിജാതക്ഷ്മാസീമന്തമുത്തു് = സ്വാതിനക്ഷത്രത്തിൽ ജനിച്ചതും ഭൂമീസീമന്തത്തിലണിയുന്നതുമായ മുത്തു്. സ്വാതിനക്ഷത്രത്തിലാണു് മുത്തുണ്ടാകുന്നതെന്നു പ്രസിദ്ധി. "സ്വാത്യാം സാഗരശുക്തിസമ്പുടഗതം തന്മൌക്തികം ജായതേ" എന്നു ഭർത്തൃഹരി. എല്ലാം ജഗത്തുകൾക്കും വിസ്മയത്തെ ഉണ്ടാക്കിയവൻ. യുഷ്മദീയൻ = നിന്നെ സംബന്ധിച്ചവൻ.

24. 1036-മുതൽ 1055-വരെ രാജ്യഭാരം ചെയ്തിരുന്ന ആയില്യംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് സംഗീതസാഹിത്യകലകളിൽ നിഷ്ണാതനും ശാസ്ത്രവാദങ്ങളിൽ ചേരുന്നതിനു തക്ക സംസ്കൃതപാണ്ഡിത്യം സമ്പാദിച്ച മഹാവിദ്വാനുമായിരുന്നു. നിശിതമതി = തീക്ഷ്ണബുദ്ധി. ശീതഭാസ്സ് = ചന്ദ്രൻ. സ്ഥായികൊത്തു് = സ്നേഹപുരസ്സരം. പുളകം = രോമാഞ്ചം.

25. തത്താദൃക്ക് = അപ്രകാരമെല്ലാമുള്ളതു്. മുൻകഴിഞ്ഞ ആറു ശ്ലോകങ്ങളിൽ വിവരിച്ചപ്രകാരം. മഹിമ മല

യാളത്തിൽ നപുംസകലിംഗമാകയാൽ തത്താദൃക്ക് എന്നു പ്രയോഗിച്ചാൽ മതി. ശ്രീലസൽക്ഷ്മാഭർത്താവ് = ശ്രീയോടു കൂടി ശോഭിക്കുന്ന രാജാവ്.

26. ചട്ടംതീർക്കുംസദസ്സ് = നിയമനിർമ്മാണസഭ. മററു് ഏതദ്ദേശീയരാജ്യങ്ങളിൽ ഇങ്ങനെ ഒരു സഭ സ്ഥാപിക്കുന്നതിനു വളരെക്കാലം മുൻപുതന്നെ ഈ ഭാഗ്യം മൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ കൃപയാൽ ഇവിടുത്തെ ജനങ്ങൾക്കു സിദ്ധിച്ചു. തിരുവിതാംകൂറിലെ നിയമനിർമ്മാണസഭ 1064 ചിങ്ങം മുതൽ നടപ്പിൽവന്നു. 1073-ൽ ഈ സഭയുടെ ഘടനയേയും മററും പരിഷ്കരിച്ചു. നിയമനിർമ്മാണസഭയിൽ എട്ടുദ്യോഗസ്ഥന്മാരും ഏഴനുദ്യോഗസ്ഥന്മാരുമുൾപ്പെടെ പതിനഞ്ചു സാമാജികന്മാരുണ്ടു്. സംസത്തു് = സഭ പൌരരോടൊത്തു കാര്യം ചട്ടംകെട്ടുന്നതു് ശ്രീമൂലം പ്രജാസഭ, ഇതിൻെറ ആവിർഭാവം 1080-ൽ ആണു്. ഈസഭയിൽ നൂറുസാമാജികന്മാരുണ്ടു്. കൊല്ലംതോറും സഭയുടെ ഒരു യോഗം തിരുവനന്തപുരത്തു വച്ചു നടത്തപ്പെടുന്നു. ഇതുവരെയായി പതിന്നാലുയോഗങ്ങൾ കഴിഞ്ഞിട്ടുണ്ടു്. ഈ സഭയിൽ ജനപ്രതിനിധികൾ ചെയ്യുന്ന നിവേദനങ്ങളേയും നിർദ്ദേശങ്ങളേയും ഗവർമ്മെൻറു ശ്രദ്ധയോടുകൂടി കേട്ടു വേണ്ടതു പ്രവർത്തിക്കുന്നു പുരസംസ്കാരം = പട്ടണപരിഷ്കരണം, ഇവ പട്ടണപരിഷ്കരണസഭകൾ. ആദ്യത്തെ പട്ടണപരിഷ്കരണസഭ തിരുവനന്തപുരത്തു് 1069-ൽ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ സംസ്ഥാനത്തിൽ ഈ മാതിരി 19 സഭകൾ ഉണ്ടു്. സമിതി = സഭ. പുകളോടുകൂടിയ കല്പവൃക്ഷം.

27. പുത്തനായി തിരുമനസ്സുകൊണ്ടു് യാതൊരു കരവും ഏർപ്പെടുത്തീട്ടില്ല. പഴയ കരങ്ങൾതന്നെ പലതും കുറച്ചിട്ടുണ്ടു്. കൂടുമ്പോൾ=സൌകര്യമുള്ളപ്പോൾ. കൂടും വരസ്സും=നിവൃത്തിയുള്ളിടത്തോളം. പതവാരം, കൊടിക്കീഴ് പലവെഞ്ഞനക്കടമ, പൂജക്കാണിക്ക, അർത്ഥപ്പലിശ മുതലായി പല നികുതികൾ തിരുമനസ്സുകൊണ്ടു നിറുത്തീട്ടുണ്ടു് വിരുത്തി ഏർപ്പാടു്, ഓറി വിളക്കു, കുലച്ചുക്കൂട്ടൽ മുതലായവ നിറുത്തിയതു് രാജ്യക്ഷേമത്തിനു തുലോം സഹായമായിട്ടുണ്ടു്. ചേടി=ദാസി. ജലധിസുത=ലക്ഷ്മീഭഗവതി. യാതൊന്നുകൊണ്ടും പാടില്ല=എങ്ങനെയായാലും നിവൃത്തിയില്ല. ഭജിച്ചു പറവൂ എന്നു താല്പര്യം. പ്രകൃതി=പ്രജകൾ. പ്രജകളുടെ ക്ഷേമമാകുന്ന പുഴയിൽ (മജ്ജനോന്മജ്ജനങ്ങൾ=മുങ്ങുകയും പൊങ്ങുകയും) വിഹരിക്കുന്നതിന് അത്യാശയോടുകൂടിയതു്.

28. തേങ്ങാപ്പാട്ടം, വെളിച്ചെണ്ണപ്പാട്ടം, പാക്കപ്പാട്ടം, മുതലായവ കഴിഞ്ഞ കണ്ടെഴുത്തിൽ നിറുത്തി. നെൽക്കരം നിറുത്തിയതു് 1082 മുതലാകുന്നു. ശുൽക്കം=കരം. അഞ്ചലാപ്പീസിൽ കരം പാർവ്വത്യകാരന്മാർക്കു മാറും സൌകര്യമായി അയച്ചുകൊടുക്കത്തക്കവണ്ണം റെവന്യൂ ഉണ്ടിക ഏർപ്പാടു നടപ്പിൽ വരുത്തിയതു് 1085-ൽ ആണു്. മുപ്പതു കൊല്ലം കഴിഞ്ഞാലേ വീണ്ടും ഒരു കണ്ടെഴുത്തു് ആരംഭിക്കുവാൻ തിരുവെഴുത്തുവിളംബരപ്രകാരം ഗവർമ്മെൻറിനു് അധികാരമുള്ളു. കർഷകന്മാർ=കൃഷിക്കാർ. അവർക്കു് ഇതിലധികം ഉൽക്കർഷത്തിനു് എന്തു ഹേതു ഉണ്ടാകണമെന്നു ചോദിക്കുന്നു.

29. 1066-ലെ നാലാം റെഗുലേഷൻപ്രകാരം ജനങ്ങൾക്ക് സക്കാരിൽനിന്ന കൃഷികാര്യങ്ങൾക്ക വായ്പ കിട്ടും. 'കൃഷികലയിൽ ജ്ഞാനം, ജനങ്ങൾക്ക വരുത്തുന്ന തിന പ്രത്യേകം ഒരു കൃഷിഡിപ്പാർട്ടുമെൻറുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൻെറ ഇപ്പോഴത്തെ നിലയ്ക്കുള്ള സംഘടനം 1083-ൽ ആണ്. ഒരാളെക്കൊണ്ട് കഴിയാത്ത കാര്യങ്ങൾ സംഘമായിച്ചേന്ന ചെയ്യാം. അതിലേക്ക ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു് പരസ്പരസഹായഡിപ്പാർട്ടുമെൻറാകുന്നു. ഈ ഡിപ്പാർട്ടുമെൻറ് 1091-ൽ സ്ഥാപിക്കപ്പെട്ടു. കൃഷകർ=കൃഷിക്കാർ. പാരിടത്തിന കല്പവൃക്ഷം.

30. ഈ രാജ്യത്തേക്ക് ബോംബെയിൽനിന്ന് ഉപ്പും ബർമ്മായിൽ നിന്ന് (പടവ്=ചെറിയതരം കപ്പൽ) കപ്പലരിയും വന്നാലല്ലാതെ 'ഉപ്പും ചോറും' കിട്ടാൻ പ്രയാസമാണെന്നിരുന്ന അവസ്ഥ ഇപ്പോൾ വളരെ ഭേദപ്പെട്ടിട്ടുണ്ട്. ദക്ഷിണതിരുവിതാംകൂറിൽ താമരക്കുളം എന്ന സ്ഥലത്തു അനേകം പുതിയ ഉപ്പളങ്ങൾ അഭിവൃദ്ധിയിൽ വന്നിരിക്കുന്നു. അതുപോലെ തന്നെ കൃഷിക്കുള്ള ഭൂമിയുടെ വിസ്തീർണ്ണതയും കൊല്ലംതോറും വർദ്ധിച്ചുകൊണ്ടു വരുന്നു.

31. നാടൻമട്ട്=പഴയ സമ്പ്രദായത്തിലുള്ളതു്. വേടർ=ഇവിടെ അപരിഷ്കൃതന്മാരായ അരണ്യവാസികൾ എന്ന മൊത്തത്തിൽ താല്പര്യം. മാട്=പശു. ബുദ്ധിഹീനനെന്നു താല്പര്യം. ആടൽപാട്=കഷ്ടപ്പാട്. പാടം =നിലം. പച്ചപ്പാടം=പച്ചവസ്ത്രം. (നെൽക്കതിരാകുന്ന വസ്ത്രമെന്നു താല്പര്യം.)

32. മാനംമുട്ടുക = ആകാശത്തെത്തൊടുക. കർണ്ണധാരർ = നാവികന്മാർ. മാനം മുട്ടിക്കുക = അഭിമാനത്തെയില്ലാതെയാക്കുക. വള്ളമൂന്നിക്കൊണ്ടുപോകുവാൻ അത്രമാത്രം പ്രയാസമുണ്ടെന്നു താല്പര്യം. വേമ്പനാട്ട്, അഷ്ടമുടി, പരവൂർ, ഈ കായലുകൾ പ്രസിദ്ധങ്ങളാണല്ലോ. വേമ്പനാട്ട്, അഞ്ചുതെങ്ങ്; കായംകുളം, വേളി, മുതലായ കായലുകളിൽ ചില ഭാഗങ്ങളെല്ലാം കൃഷിക്കാർ പതിപ്പിച്ചു നിലവും തെങ്ങിൻതോപ്പുമാക്കീട്ടുണ്ടു്. അതുപോലെ മലവാരങ്ങളിൽ ചേരിക്കൽകൃഷിയും ഇപ്പോൾ വളരെ അഭിവൃദ്ധിയിൽ വന്നിട്ടുണ്ടു്. ഉദയം = ക്ഷേമം, ഉന്നമിക്കുക = പൊങ്ങുക, വർദ്ധിക്കുക.

33. മാഴ്കുക = ദുഃഖിക്കുക, വ്യാഘ്രപാളി = കടുവാക്കൂട്ടം. നിർബാധാടനം = സ്വൈരസഞ്ചാരം. അലഘുപദവി = വലുതായ മാർഗ്ഗം. വാൻ = സ്വർഗ്ഗം. മഹീഭൃന്മണി = രാജശ്രേഷ്ഠൻ. മാഹേന്ദ്ര (മഹേന്ദ്രസംബന്ധിയായ) ജാലം = കൺകെട്ടുവിദ്യ. വൻകാട്ട് സ്വർഗ്ഗലോകമാകണമെങ്കിൽ അതു് ഇന്ദ്രജാലത്താലല്ലാതെ സാദ്ധ്യമല്ലല്ലോ. തിരുവിതാംകൂറിലെ മലമ്പ്രദേശങ്ങളിൽ ഇപ്പോൾ അനവധി തേയിലത്തോട്ടങ്ങളും റബ്ബർ തോട്ടങ്ങളും ഉണ്ടു്.

34. കോലം = പന്നി. അച്ഛഭല്ലം = കരടി. കരി = ആന. ഹിംസ്രം = ദുഷ്ടമൃഗം. കാലക്കേടിനു പേറവുന്ന = കഷ്ടകാലത്തിനു വരുന്ന, എളുപ്പത്തിൽ വിട്ടുമാറാത്ത എന്നു താല്പര്യം. ഏലക്കാർ = ഏലക്കൃഷിക്കാർ. പാരതന്ത്ര്യദ്രുമത്തിൻമൂലം = ദാസ്യമാകുന്ന വൃക്ഷത്തിന്റെ വേര്. മുൻപ് ഏലക്കൃഷിക്കാർ കൃഷിചെയ്തുണ്ടാക്കുന്ന ഏലക്കാ മുഴുവൻ ചുരുങ്ങിയ വിലയ്ക്കു സർക്കാരിൽ ഏല്പിക്കേണ്ടിയിരു

ന്നു. ഈ കന്തകനിവൃത്തി ഏലകൃഷിക്കാൎക്കു സൌകൎയ്യവും സ്വാതന്ത്ര്യവും നൽകിയതു് 1082-ൽ ആണു്.

35. ആതുംഗാഭോഗവത്തു്=വളരെ നീളവും വലിപ്പവുമുള്ളതു്. ചിറ=കുളം. സേതു=അണ. കുല്യ=തോടു്. ഏതും കൂസാതെ=ഒട്ടും ശങ്കിക്കാതെ, വ്യയത്തിൽ ഭയപ്പെടാതെ. ശുഭവിഭവൻ=നല്ലധനത്തോടുകൂടിയവൻ (സദ്വിഷയങ്ങളിൽ വിനിയോഗിക്കുക നിമിത്തം). സ്പഷ്ടമായി കാണപ്പെട്ട അത്ഭുതകൃത്യത്തോടുകൂടിയവൻ. കോതയാററണവല 1069-ൽ ആരംഭിച്ചു് 1082-ൽ അവസാനിപ്പിച്ചു. നാല്പത്തൊന്നു ലക്ഷം ഉറുപ്പികയ്ക്കുമേൽ അണയ്ക്കുതന്നെ ചെലവായിട്ടുണ്ടു്. ഇതുകൊണ്ടു് തോവാള, അഗസ്തീശ്വരം, ഇരണിയൽ, കല്ക്കുളം, ഈ നാലു താലൂക്കുകളിലേയും ജലദാരിദ്ര്യം പരിഹരിക്കപ്പെട്ടിരിക്കുന്നു. അടുത്തശ്ലോകം നോക്കുക.

36. വാനം=ആകാശം. വൎഷാസമയം=വൎഷകാലം. വാരി=ജലം. നാഞ്ചിനാടു്=തോവാള, അഗസ്തീശ്വരം, ഈ രണ്ടു താലൂക്കുകൾക്കും കൂടിയുള്ള പൊതുപ്പേർ. ഇവിടെയും ചെങ്കോട്ടതാലൂക്കിലും തിരുവിതാംകൂറിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു വൎഷം കുറവാണു്. വേനൽക്കാലത്തുകൂടി കോതയാർ ചാനലുകൾ വഴി വെള്ളം പായുകനിമിത്തം നിലങ്ങളിൽ അരവരെ വെള്ളം നില്ക്കുന്നു. ഖരകിരണൻ=ഉഷ്ണകിരണൻ, സൂൎയ്യൻ. ഘൃണിശ്രേണി=രശ്മിക്കൂട്ടം. തങ്ങളുടെ പഴയ പണി പററാത്തതിൽവച്ചു സൂൎയ്യരശ്മികൾ ലജ്ജിക്കുന്നു. അതായതു് വേനൽക്കാലത്തുകൂടി സൂൎയ്യരശ്മികൾക്കു് ഇപ്പോൾ നാഞ്ചിനാട്ടിലെ നെൽക്കതിരുകളെ കരിയിക്കുവാൻ നടക്കുന്നില്ല എന്നു താല്പൎയ്യം.

37. താലം=പന. അമ്പുന്ന=ഉള്ള. കൂലം=കര. തെക്കൻതിരുവിതാംകൂറിൽ കൃഷിക്കുപയുക്തങ്ങളായ അനവധി വലിയ കുളങ്ങളും കരിമ്പനമാത്രം നില്ക്കുന്ന അനവധി പൊട്ടപ്പുറമ്പുകളുമുണ്ടു്. അവ മിക്കവാറും കോതയാറവെള്ളം പായുകനിമിത്തം ഗവമ്മെൻറിൽനിന്നു നെൽകൃഷിക്കായി പതിച്ചുകൊടുത്തിരിക്കുന്നു. കൃഷികല്യാപാത്രമാംക്ഷേത്രം=കൃഷിപ്പണിക്കു യോഗ്യമായ നിലം. കാലം തെററാതെ=ഒട്ടും താമസിക്കാതെ. തീറായ്ക്കുമലയുടെ...=ശാശ്വതമായ ഐശ്വര്യത്തെ ലഭിക്കുന്നു എന്നു താല്പര്യം.

38. ചേറ്=ചളി. കരി=കായലിന്നു സമീപവും മറവും കാലാകാലത്തിനു കൃഷിചെയ്യാതെ കിടക്കുന്ന ഒരുവക കറുത്ത നിലം. മുഗ്ദ്ധ (രുചി) ശോഭയാകുന്ന കോപ്പണിയുന്ന തോപ്പുകൾ. കേരകൂട്ടങ്ങൾ=തെങ്ങുകൾ. അലഘുഫലഭരം =ധാരാളം കായ്കളെക്കൊണ്ടുള്ള ഭാരം. അധികം ശ്രീയുള്ള കല്പവൃക്ഷകൂട്ടങ്ങളുടെ (പരിചിതം) പണ്ടേയുള്ള പ്രൌഢിക്കു (നാഡികളിൽ ഉയരുന്നവ) ഭയമുണ്ടാക്കുന്നവ.

39. അടവി=വനം. ഈ ശ്ലോകത്തിൽ അതിനെ ഒരു സ്ത്രീയാക്കി കല്പിച്ചിരിക്കുന്നു. 1068-ലെ രണ്ടാം റെഗുലേഷനായ വനംവകച്ചട്ടത്തിനു മുൻപു ജനങ്ങൾ രാജകീയവനങ്ങളെ യഥേഷ്ടം തീവച്ചും മരം മുറിച്ചും നശിപ്പിച്ചുകൊണ്ടിരുന്നു. വനങ്ങൾ സക്കാരിനു ചേന്നതും അതിനാൽ ഒഴിച്ചിടപ്പെടേണ്ടതുമാണു്. അതാണു് രാജാധീനയായ എന്നുപറഞ്ഞതു്. ക്ഷാത്രതേജസ്സ്=ക്ഷത്രിയവീര്യം. ജിത്വരം=ജയിക്കുന്നതു്.

40. ചാരത്തു്=സമീപത്തിൽ. ദാവാനലശിഖ= കാട്ടുതീയുടെ ജ്വാല. ഭൂരുട്ടശേഷം=സകല വൃക്ഷങ്ങളും. ഇണങ്ങുക=ചേരുക. മലയജതരു=ചന്ദനം. സഞ്ചായക്കാർ= വനംഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ. സുഷമ=അത്യന്ത മുള്ള ശോഭ. ഒഴിച്ചിടപ്പെട്ട വനങ്ങളിൽ അനവധി വില യേറിയ തേക്കും ചന്ദനവും സഞ്ചായം ഡിപ്പാർട്ടുമെൻറിൽ നിന്നു വളച്ചുപിടിപ്പിക്കുന്നു.

41. ജന്മി കുടിയാൻ റെഗുലേഷൻ (1071-ലെ 5-ാം റെഗുലേഷൻ) ആണു് ജന്മികൾക്കും കുടിയാന്മാർക്കും തമ്മിൽ കാണപ്പാട്ടം സംബന്ധിച്ചും മററുമുണ്ടായിരുന്ന പല തർക്കങ്ങൾക്കും ഉപശമം വരുത്തിയതു്. സമിതി=(നി യമനിർമ്മാണ) സഭ. പ്രാണപ്രേഷ്ഠൻ=പ്രാണപ്രിയൻ, ഭ ർത്താവു്. അവരിൽ പ്രവേകൻ=ഉത്തമൻ. പരിഹസിതസു രാചാര്യചാതുര്യന്മാർക്ക് (ധുര്യൻ=ഭാരവാഹി) ശ്രേഷ്ഠൻ. പ രിഹസിതസുരാചാര്യചാതുര്യന്മാർ=ദേവഗുരുവായ ബൃഹ സ്പതിയെക്കാൾ ശാസ്ത്രജ്ഞാനവും ബുദ്ധിശക്തിയുമുള്ളവർ.

42. 1088-ലെ ഒന്നാം റെഗുലേഷനായ നായർ റെഗുലേഷൻ നിമിത്തം നായന്മാർക്ക് സിദ്ധിച്ചിട്ടുള്ള ക്ഷേ മം ഗണ്യമാണല്ലോ. വൈവാഹികവിധി=വിവാഹം. ആയു സ്സ്=ദൈർഘ്യം. മേധാബലം=ബുദ്ധിശക്തി. സംഹായത്തു് =വർദ്ധിക്കുന്നതു്. വീരുത്തു്=വള്ളി. പ്രസവം=പുഷ്പം.

43. ക്രിസ്ത്യൻ പിൻതുടച്ചാവകാശനിയമം 1092 -ലെ രണ്ടാംറെഗുലേഷനാണു്. കൈവല്യം=മോക്ഷം. ല ക്ഷണയാ നിർവൃതി, പരമാനന്ദം. ഘനകരുണയാകുന്ന

താമരപ്പൂവിലെ മഞ്ജുവായ വണ്ടു്. കരുണാശാലി എന്നു സാരം.

44. കോടതികളെ ആശ്രയിക്കുന്ന സജ്ജനങ്ങളുടെ മനസ്താപത്തിനു (നിർവ്വാപം=കെടുത്തുക) നാശമുണ്ടാകുന്നു. എന്നെന്നും പുത്തനായി കീർത്തിയുണ്ടാകുന്നു. ജൈത്രോത്സവം=വിജയോത്സവം.

45. തദന്തഃസ്ഥിതഖലതതി=ആ കാരാഗൃഹത്തിന്റെ അകത്തുള്ള പുള്ളികൾ. സൽപഥം=സന്മാർഗ്ഗം. ഫലപടലീപൂർണ്ണം=സഫലമെന്നു താൽപര്യം. ജെയിൽപുള്ളികളെ കഴിയുന്നതും സന്മാർഗ്ഗികളാക്കുവാൻ ശ്രമിക്കുന്നു എന്നു സാരം.

46. ഇതു ദുർഗ്ഗുണപരിഹാരപാഠശാലയെപ്പററിയുള്ള ശ്ലോകം. ഈ സ്ഥാപനത്തിന്റെ ആവിർഭാവം 1067-ലെ നാലാംറെഗുലേഷനാലാകുന്നു ബാല്യകാലത്തിൽ ഒരുത്തൻ കുററം ചെയ്താൽ അതിനുത്തരവാദികൾ അവന്റെ മാതാപിതാക്കന്മാരാണെന്നു കരുതി അവനെ കാരാഗൃഹത്തിൽ പാർപ്പിക്കരുതെന്നു തീർച്ചചെയ്തു. ദുർഗ്ഗുണപരിഹാരപാഠശാലയിൽ ചെല്ലുന്ന കുട്ടികൾക്കു പഠിക്കുന്നതിനും പരീക്ഷയിൽ ചേരുന്നതിനും സൌകര്യമുണ്ടു്. കലിശഭൃത്തു്=ദേവേന്ദ്രൻ. ആചര്യചര്യൻ=അനുകരണീയമായ നടപടിയോടുകൂടിയവൻ.

47. മാറുമാറു്=മാറത്തക്കവിധത്തിൽ. അനുദിനം=നിത്യം. നമ്പർ=കേസ്. പഞ്ചായത്തു്=ഗ്രാമപ്പഞ്ചായത്തുകോടതികൾ. ഇവ 1090-ലെ ഒന്നാം റെഗുലേഷനനുസ

രിച്ച് ആറ് പട്ടണങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. സൌഹിത്യം=സംതൃപ്തി.

48. കാന്താരങ്ങൾ=കാട്ടുപാതകൾ. അവയെ ഖണ്ഡാപഥങ്ങൾപോലെയാക്കിത്തീൎത്തിരിക്കുന്നു. ഖണ്ഡാപഥം=ഒന്നാന്തരം റോഡ്. പ്രാന്തങ്ങൾ=രാജ്യത്തിന്റെ അററത്തുള്ള സ്ഥലങ്ങൾ. നോൎത്തേൺഔട്ട്ലെററ്റോഡ്, വെസ്റേറൺഔട്ട്ലെററ്റോഡ് മുതലായവ ഈ ഇനത്തിൽ പെട്ടതാണ്. സന്മാൎഗ്ഗബോധം=നല്ലവഴികളെപ്പററിയുള്ള അറിവ്, (സദാചാരബോധമെന്നുമൎത്ഥം) സ്വാന്തം=മനസ്സ്.

49. കാട്ടാനയ്ക്കുകൂടി കടക്കുവാൻ കഴിവില്ലാത്ത വനങ്ങളിൽ. പാദം=കാൽ. തുംഗശൃംഗാടകങ്ങൾ=മിഴികളായ നാൽകവലവഴികൾ. ഈ കാടുകളിൽ മോട്ടാർവണ്ടികൾപോലും ഓടിക്കത്തക്കവിധത്തിൽ റോഡുകൾ അത്രഭംഗിയായി വെട്ടിച്ചിരിക്കുന്നു എന്നു താല്പൎയ്യം.

50. ശൈലപ്രസ്ഥം=മലയുടെ മുകൾപ്പരപ്പ്, അഥവാ കൊടുമുടി. കൂലംകഷത്തി=കര ഉടച്ചുകൊണ്ട്. കടിലതടിനികൾ=വളഞ്ഞൊഴുകുന്ന ആറുകൾ. ആലംബംവിട്ട്=അക്കരെ കടക്കുന്നതിനു മാൎഗ്ഗമില്ലാതെ. പാലം=മൂവാററുപുഴപ്പാലം, കുഴിത്തുറപ്പാലം, പരപ്പാർപാലം, കണ്ണാങ്കുഴിപ്പാലം, ഇത്തിപ്പുഴപ്പാലം, വാമനപുരംപാലം, ഏനാദിപ്പാലം, പന്തളംപാലം, തിരുവട്ടാർപാലം മുതലായവ ഈ ഇനത്തിൽ പെട്ടതാകുന്നു. ഡാമരം=കലശൽ.

51. കൊച്ചുപാഥോധി=ചെറിയ സമുദ്രത്തെപ്പോലെയുള്ള വേമ്പനാട്ടുകായൽ. ക്ഷേപളഗ്രീവൻ = നീലക

ണ്ടൻ, വൈക്കത്തപ്പൻ, മുദത്തോട്ട്=സന്തോഷത്തോടുകൂടി. കോട്ടയത്തുനിന്ന വേമ്പനാട്ടുകായലിൻെറ സ്പശം കൂടാതെ വൈക്കത്തേക്കുള്ള തോട്ട വെട്ടിച്ചതു് തിരുമനസ്സിലെക്കാലത്താണു്.

52. അക്കായൽ=ആ വേമ്പനാട്ടുകായൽ. ദ്യോവിൽ കൈകേറുക=ആകാശത്തെ ആക്രമിക്കുക. വഞ്ചിസാംയാത്രികന്മാർ=വള്ളത്തിൽ ജലമാൎഗ്ഗമായി യാത്രചെയ്യുന്നവർ. (വഞ്ചിരാജ്യത്തിലെ സാംയാത്രികന്മാർ എന്നും ധ്വനി). നൃത്തലീലാവൈവിധ്യം=പലവിധത്തിലുള്ള നൃത്തം. പ്രേക്ഷകശ്രേഷ്ഠർ=കാഴ്ചക്കാരിൽ പ്രമാണികൾ. ആവിർഭ്യാട്ട വന്നതിനുമേൽ വഴിയാത്രക്കാർ വേമ്പനാട്ടുകായലിനെ ഭയപ്പെടുന്നില്ല എന്നു താൽപൎയ്യം.

53. നവീനൻ=അദ്യതനനെന്നു താൽപൎയ്യം. ഇതത്തിനു്=ഉചിതംപോലെ. അരപ്പട്ട=അരഞ്ഞാണം. ഈ തീവണ്ടിപ്പാത തിരുവിതാംകൂറിന്റെ മദ്ധ്യത്തിൽ കൂടിപ്പോകുന്നതിനാൽ രൂപകാലങ്കാരം യോജിച്ചിരിക്കുന്നു. മഹേള=മഹിള, സ്ത്രീ. കുന്നും കാടും വെട്ടിത്തെളിച്ചു പല തുരങ്കങ്ങളോടുകൂടി തീൎത്തിട്ടുള്ള ഈ തീവണ്ടിപ്പാത തിരുവിതാംകൂറിനു് ഒരലങ്കാരമാണെന്നും ഇതുനിമിത്തം തിരുവിതാംകൂറിൻെറ യശസ്സു വൎദ്ധിച്ചിട്ടുണ്ടെന്നും താൽപൎയ്യം.

54. വാനസ്പത്യങ്ങൾ=പൂവിൽനിന്നു കായുണ്ടാകുന്ന വൃക്ഷങ്ങൾ. പീയൂഷയൂഷം=അമൃതദ്രവം. പദവി=പാത. വിശ്വാതിശായി=എല്ലാററിനെയും അതിശയിക്കുന്നതു്, സൎവ്വോത്തമം.

55. പതംഗപതിഗതി=ഗരുഡന്റെ ഗമനം. പണ്ടുപണ്ടേ ഗരുഡവേഗത്തിനുള്ള മേന്മയെ ഇല്ലാതെയാക്കുന്നു. അതിദൂരമെന്നും സമീപമെന്നുമുള്ള വാക്കുകൾക്ക് അർത്ഥവ്യത്യാസമില്ലാതെയാക്കുന്നു. ദൂരത്തെ സമീപമാക്കുന്നു എന്നു താൽപര്യം. കൂപഭേകങ്ങൾ=കുണ്ടുകിണററിൽ തവളകൾ. അജ്ഞശിരോമണികൾ. മാതൃഭൂമിയായ ഇൻഡ്യ നമ്മെ ഇനിയും അനാചാരപരന്മാരായി മൂഢന്മാരായി കാണാതിരിക്കുന്നതിനുവേണ്ടി. ശകടസൃതി=വണ്ടിപ്പാത. ആടോപം=അഹങ്കാരം. ഈ പാത 1918 ജനുവരി 1-ാംനു-മുതൽ നടപ്പായിട്ടുണ്ടു്.

56. വണിജർ=കച്ചവടക്കാർ. നയനചലനം=കടാക്ഷം. ലോലാലോലംബങ്ങൾ=ഇളകുന്ന വണ്ടുകൾ. ആലപ്പുഴക്കടൽപ്പാലം 1085-ലാണ് പുത്തനായി പണികഴിപ്പിച്ചതു്.

57. ശുഭത്തിന് അന്ത്യാദ്ദശസ്ഥാനങ്ങളായ ആശുപത്രികൾ. വിദിതം=അറിയപ്പെട്ടതു്. 'ശ്രീരാമവർമ്മ' എന്ന അഞ്ചക്ഷരത്തിലുള്ള മന്ത്രം. സതതോച്ചാപലോച്ചാടനം=എപ്പോഴും ഉയരുന്ന ചാപല്യത്തോടുകൂടിയ ആട്ടിപ്പായിക്കൽ. പാത്രീഭവിക്കുക=പാത്രങ്ങളായി തീരുക. പലവിധത്തിലുള്ള വ്യാധികളാകുന്ന (ചാതുർദ്ദശങ്ങൾ=ചതുർദ്ദശിനാളിൽ കാണുന്ന ഒരുവക പിശാചുകൾ) ദുഷ്ടഭൂതങ്ങൾ. ഹരിഹരി, ആശ്ചര്യദ്യോതകം.

58. ആയുർവേദമെന്ന പേരിലുള്ള വൃക്ഷം. കടപുഴക്കുക=ചുവടു മറിച്ചു വീഴ്ത്തുക. ഉദ്യൽപ്രകമ്പം=ഉയരുന്ന ഇളക്കത്തോടുകൂടി. അതിനെ=ആ വൃക്ഷത്തെ. ആയുർവേദഡിപ്പാർട്ടുമെന്റിന്റെ ആവിർഭാവം 1064-ൽ ആണു്.

59. ധൌരേയന്മാർ=ഭാരവാഹികൾ. പട്ടണപരിഷ്കരണസഭകളിൽ അംഗങ്ങളാകണമെന്നാഗ്രഹമുള്ളവരെ അതിലേക്കു തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം സ്ത്രീകൾക്കുകൂടി തിരുവിതാംകൂറിലുണ്ടു്. ഈ സമ്മതിദാനാവകാശം ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ നല്കപ്പെട്ടിട്ടുള്ളതായി തോന്നുന്നില്ല.

60. താരുണ്ണി=പൂമകൻ, ബ്രഹ്മാവു്. ഈ സംസ്ഥാനത്തിൽ സരസ്വതി തന്റെ ഭർത്താവിന്റെ നാക്കിനെത്തന്നെയും ഉപേക്ഷിച്ചു വിഹരിക്കുവാൻ വന്നിരിക്കുന്നതായി കവികല്പന. അത്രമാത്രം വിദ്യാഭ്യാസത്തിനു് ഇവിടെ പ്രചാരമുണ്ടെന്നു താല്പര്യം. ഞങ്ങളുടെ ചന്ദ്രനെപ്പോലെ (വിശദം) ധവളമായ യശസ്സമൂഹത്തോടുകൂടിയ രാജാവു്. കാരുണ്യം ഹേതുവായി ഉൽഗമിക്കുന്ന കടക്കൺമുനയുടെ ചലനം. ചാതുരി=ചാതുര്യം. സാധുരീതി=നല്ല സമ്പ്രദായം. തിരുമേനിയുടെ കാരുണ്യത്താലാണു് വിദ്യാഭ്യാസത്തിനു് ഇത്രമേൽ പ്രചാരമുണ്ടായതെന്നു സാരം.

61. ഇരുപതിനാറാണ്ടു് = മുപ്പത്തിരണ്ടുകൊല്ലം. തിരുമേനിയുടെ രാജ്യഭാരകാലത്തിനിടയിൽ എന്നു താൽപര്യം. അന്തരം= വ്യത്യാസം. ഹന്ത=ആശ്ചര്യം. നീണാൾ =ദീർഘകാലം. അജ്ഞാനത്തിനു വളരെക്കാലമായി ഉണ്ടായിരുന്ന നിലവിളി നീങ്ങി സരസ്വതിയുടെ വീണാരവമാണു് ഇപ്പോൾ കേൾക്കുന്നതു്. അമ്മേ എന്നു വേണാടിനെ അഭിസംബോധനം ചെയ്യുന്നു.

62. ചെന്താർമാതു്=ലക്ഷ്മീദേവി. വിദ്യാഭ്യാസത്തിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടില്ലാത്ത ഒരു ദേശം എത്ര

തന്നെ ഐശ്വര്യവത്തായാലും സാരമില്ല. അതു് ഒരു മരുഭൂമിയെക്കാൾ മോശമാണു്. മററുള്ളവ=വിദ്യയൊഴിച്ചുള്ള ഭാഗ്യങ്ങൾ. നിൻസന്താനങ്ങൾ=തിരുവിതാംകോട്ടുകാർ സാരസ്വതാല്പണ=സരസ്വതിയുടെ കാരുണ്യം.

63. ഇളാദീപം=ഭൂമിക്കു വിളക്കു്. ലോകത്തിൽ പലഭാഗങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്കു ജ്ഞാനദാനം ചെയ്യുന്നതിനാൽ. സ്യാനന്ദൂരത്തിൽ സ്ഥിതിചെയ്യുന്നതായും ഇംഗ്ലീഷുഭാഷ പഠിക്കുന്നതിനുവേണ്ടിയുണ്ടാക്കപ്പെട്ടതായുമുള്ള കോളേജ്. ആംഗേയപ്പുത്രൻ=ഭവതി വിദ്യാമാതാവായുള്ളവൻ. കവി ഈ കാളേജിൽ പഠിച്ചു പരീക്ഷകൾ ജയിച്ചതിനെ സൂചിപ്പിക്കുന്നു. തനയർ=ഈ മഹാപാഠശാലയിൽ പഠിച്ചവർ. അവിട്ടത്തെ ഭക്തിയാൽ (സംഭ്രമമായി) വഴിപോലെ തടയപ്പെട്ട കണ്ഠത്തോടു കൂടിയവർ, അതിനാൽ മൂകന്മാർ.

64. ഉപായരഹിതി=ദാരിദ്ര്യം. ശൃംഗചൈത്യങ്ങൾ=വലുതായുള്ള ക്ഷേത്രങ്ങൾ. ഇവിടെ വിദ്യാശാലകൾ തിങ്ങിനില്ക്കുന്ന അജ്ഞാനമാകുന്ന ആനയെ കൊല്ലുന്നതിനു കഴുത്തുയർത്തിപ്പിടിച്ചിരിക്കുന്ന സിംഹങ്ങൾ.

65. ബാലപ്രായം=ബാല്യം. പരിപക്വസ്ഥിതിയിൽ ഇനിയും എത്തിക്കഴിഞ്ഞിട്ടില്ലാത്ത ഭാഷ. വരതനു=സുന്ദരി. വാരൊളി=അധികമായ ശോഭയോടുകൂടിയ. കൈരളി=മലയാളഭാഷ. പ്രാചീനബർഹിസ്സ്=ദേവേന്ദ്രൻ.

66. സന്താപം = സത്തുക്കളെനുഭവിക്കുന്ന പീഡ. സജ്ജൻ=ധനാഢ്യൻ, തത്തോകം = തന്റെ ശിശു. ഹൃത്ത

ത്തിൽ ഉയരുന്ന കൈവളകളുടെ കളകളശബ്ദം മലയാംപള്ളക്കൂട്ടങ്ങൾ കാടുകളിൽകൂടിയുണ്ടെന്നു സാരം.

67. കീർത്തിച്ഛടാ=കീർത്തിസ്തോമം. വിബുധസരിദ്വീചി =ഗംഗയിലെ തിര. അതുകൾക്ക സധ്രീചി=സഖി. അവയോടുതുല്യമെന്നർത്ഥം. "ഛടാ" എന്ന സ്ത്രീലിംഗപദം സപ്രയോജനമായി പ്രയോഗിച്ചിരിക്കുന്നു.

68. ഉത്തംസം=ശിരോലങ്കാരം. തന്നിശാന്താന്തികം =അവിടുത്തെ കൊട്ടാരത്തിനു സമീപം. സംസ്കൃതപാഠശാല വലിയ കൊട്ടാരത്തിനു സമീപമാണല്ലോ. നിശ്ശേഷഭാഷാശ്രേണിക്കു റാണി=എല്ലാഭാഷകളിലുംവച്ചു ശ്രേഷ്ഠമായിട്ടുള്ളതു്. ഗ്രന്ഥകാരനു സംസ്കൃതത്തോടുള്ള പക്ഷപാതം വ്യഞ്ജിക്കുന്നു. രത്നാഭരണഗണത്തെക്കൊണ്ടു ശബ്ദിക്കുന്ന കല്യോടുകൂടിയ. രാമായണശാകുന്തളഭഗവൽഗീതാദിഗ്രന്ഥസാമഗ്രിയോടുകൂടിയതെന്നു താൽപര്യം ഗീർവ്വാണവാണി= ദേവഭാഷ, സംസ്കൃതം.

69. ജീവിതായോധനം=ജീവിതമത്സരം. മഹാത്മികമതി=അത്യുദാരബുദ്ധി. സൂതിഗേഹം = പ്രസവഗൃഹം ഇവ രണ്ടും വഞ്ചിഭൂഷാമാണിക്യമെന്ന പദത്തിനു വിശേഷണങ്ങൾ.

70. അക്ഷാമം=ധാരാളമായി. ശ്രിതസുരതരു=തന്നെ വന്നാശ്രയിക്കുന്ന സുരതരുവോടുകൂടിയവൻ. കല്പവൃക്ഷത്തെ താഴ്ത്തുന്ന ദാതാവു്. വസുനിര=ദ്രവ്യസമൂഹം. ഹൈയംഗവീനം=പുത്തുവെണ്ണ. വെണ്ണയുണ്ടെങ്കിൽ നെയ്യുക്കു പ്രയാസമില്ലാത്തതുപോലെ ഇദ്ദേശവാസികൾക്ക വിദ്യ കൈവശമുള്ളതുകൊണ്ടു് അവൎക്കു് ധനത്തിനു ബുദ്ധിമുട്ടില്ലെന്നർത്ഥം.

71. ഹന്ത അനന്താള എന്ന പാഠഭേദം. പ്രതനവി ബുധർ=പ്രാചീനപണ്ഡിതന്മാർ. നിഖിലോദ്ധാരം=എല്ലാററിന്റെയും ഉയർത്തൽ. പ്രാതിഭം=പ്രതിഭ, നവനവോന്മേഷത്തോടുകൂടിയ ബുദ്ധി. പ്രാചീനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനുള്ള ഡിപ്പാർട്ടുമെൻറ്. ഈ ഡിപ്പാർട്ടുമെൻറിൽ നിന്ന് അറുപതിൽപരം ഉത്തമ സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

72. പുരാണവസ്തുസംരക്ഷണത്തിനുള്ള ഡിപ്പാർട്ടുമെൻറ്. അവനിയെന്ന ആമ്പലാകുന്ന സ്ത്രീക്ക ചന്ദ്രൻ.=രാജാവ്.

73. ഖലഖനകന്മാർ = കള്ളന്മാരായ എലികൾ. അന്തം=അവസാനം. വല്ഗു=മനോഹരം. 1088-മാണ്ടത്തെ ഗവൺമെൻറുത്തരവനുസരിച്ചാണ് ദേവസ്വം പരിഷ്കാരം നടപ്പിലായിട്ടുള്ളതു്. ഭൂവാകുന്ന വല്ലിക്ക പാദപം രാജാവ്.

74. പൌരപ്രതിനിധിസഭ = ശ്രീമൂലം പ്രജാസഭ. ഇതിന്റെ അംഗങ്ങളായി പുലയർ അരയർ മുതലായ വർഗ്ഗങ്ങളിൽപെട്ട മാന്യന്മാരുണ്ട്. മാംസളം=വലുതു്. പതിതന്മാർ= താണജാതിക്കാർ. സമുദ്ധാര =നല്ലപോലെയുള്ള ഉയർത്തൽ. അതിനെ ദീക്ഷിക്കുന്നതിലുള്ള രസത്താൽ ആർദ്രമായിട്ടുള്ളതു്.

75. അവനമാകുന്ന നവീനവിദ്യ പുത്തൻമാതിരിയിലുള്ള രാജ്യരക്ഷ. മർമ്മവിത്തു്=മർമ്മജ്ഞൻ. കർമ്മവ്യൂഹം=അപദാനസമൂഹം. എല്ലാ രാജാക്കന്മാരുടെയും അഹങ്കാരമാകുന്ന താമരപ്പൊയ്കയെ (തരിശ്ശു)പൂവില്ലാതെ

സാക്ഷിനിൎത്തീക്കുന്ന വിഷയത്തിൽ മഞ്ഞാണെന്നുവച്ചാൽ ഈ ദ്ദേഹത്തിന്റെ ഗുണങ്ങളെല്ലാം കണ്ടാൽ അന്യരാജാക്കന്മാൎക്കു തങ്ങൾ ഗുണവാന്മാരെന്നുള്ള മദം നശിക്കുമെന്നു താൽപൎയ്യം. അവരെക്കാൾ ഗുണവാനെന്നു സാരം.

76. സൌരാജ്യം=നല്ലരാജ്യഭാരം. മനീഷി=വിദ്വാൻ. മൈഥിലീനാഥൻ=ശ്രീരാമൻ. ജഗതീവിലോചനാസേചനം=ഭൂമിയുടെ നേത്രങ്ങളെ വശീകരിക്കുന്നവ. തിരുമനസ്സിലെ രാജ്യഭാരം ശ്രീരാമന്റെ രാജ്യഭാരം പോലെയാണെന്നൎത്ഥം.

77. രക്ഷാകലു ദാസിയെപ്പോലെതന്നെ സേവിക്കുന്നു എന്നുവച്ചാൽ അതിൽ അത്രമാത്രം നൈപുണ്യം സമ്പാദിച്ചിരിക്കുന്നു എന്നു താൽപൎയ്യം. ദാനധൎമ്മാഗമം=ദാനധൎമ്മമാകുന്ന ശാസ്ത്രം നാസീരം=മുന്നണി. നരപരിവൃഢർ=രാജാക്കന്മാർ. ദാനധൎമ്മം ഇത്രമാത്രമനുഷ്ഠിക്കുന്ന രാജാക്കന്മാരില്ലെന്നു താൽപൎയ്യം. തിരുമനസ്സിലേക്കു ബിരുദങ്ങളിൽ ഏററവും വിലയേറിയ ജി. സി. എസ്. ഐ. ജി. സി. ഐ. ഈ. ഇവരണ്ടും ലഭിച്ചിട്ടുണ്ട്. ഇവകൂടാതെ എം. ആർ. ഏ. എസ്.; എഫ്. ആർ. ജീ. എസ്സ്.; എഫ്. എം. യു; മുതലായ ഇതരബിരുദങ്ങളും അവിടുത്തേക്കുണ്ട്. നഭസ്സ്=ആകാശം.

78. ശൈലാലി=നടൻ. ഒന്നാംപുമൎത്ഥം=ഒന്നാമത്തെ പുരുഷാൎത്ഥം, ധൎമ്മം. കണ്ണും മനസ്സും അവിടുത്തേക്കു സദാ ധൎമ്മത്തിൽതന്നെ പതിയുന്നു. നീലാംഭോദാഭൻ=കൃഷ്ണവൎണ്ണൻ. നീലാധവൻ=നീലയുടെ ഭൎത്താവ് ശ്രീഭൂമിനീലാസമേതനായി ശ്രീപത്മനാഭനെ കവികൾ വൎണ്ണിക്കു

ന്ന. "പത്മേ ന്ദ്യന്നിന്നസ്സാമി സതതം ഭാവോഭവൽ കുന്തള നീല മൃഢ്യതകിങ്കരാമിമഹിതെതഃ ക്രീഡതാസ്സ്മിത വിഭ്രമൈഃ ഇത്യാദി പദ്യം നോക്കുക. ശാവ്വരി=ശവ്വരി= രാത്രി. പാവ്വണേന്ദു=പൂൎണ്ണചന്ദ്രൻ.

79. പത്മാസഹചരൻ=ലക്ഷ്മീഭത്താവു്, ശ്രീനാരായണൻ. വരിവണ്ടിണ=വരിവണ്ടുകളുടെ കൂട്ടം. അതായതു പരമഭാഗവതന്മാർ എന്നു താൽപയ്യം. വിദലനകൃത്തു്= നശിപ്പിക്കുന്നതു്.

80. വാസ്തു=ഗൃഹം. ഹേരംബസ്വാമി=ഗണപതി. കുബേരഗൃഹമാണെന്നു ഗണപതിയും മഹാമേരുവാണെന്നു ശിവനും ശങ്കിക്കും. ലക്ഷ്മീദേവി ഇളകാത്ത മിന്നൽപോലെ സദാ ആ ഗൃഹത്തിൽ കുടികൊള്ളുകയും ചെയ്യുമെന്നു താൽപയ്യം. ശമ്പ=മിന്നൽ. ഗണപതിപ്രാതലും ത്രിപുരദഹനവും ഈ ശ്ലോകത്തിൽ സൂചിപ്പിക്കുന്ന കഥകളാണു്.

81. ശ്രീവാഴും=ലക്ഷ്മീദേവിവസിക്കുന്ന. സപദി= തൽക്ഷണം, കാലതാമസംകൂടാതെ. ഭൃഗുമഹഷി ത്രിമൂത്തികളുടെ വിഷയത്തിൽ ക്ഷമാപരീക്ഷചെയ്ത കഥ പ്രസിദ്ധമാണല്ലോ. അവസിതി=അവസാനം. വിലയം=പ്രളയം, കല്പകാലം. ശ്രീപരമേശ്വരൻ ഈ തിരുമേനിയെ ആചായ്യനാക്കി വരിച്ചാൽ രൌദ്രത അവിടുത്തെ വിട്ടുകലുമെന്നും അതിനാൽ അവിടുത്തേക്കു കല്പാന്തത്തിൽ ലോകസംഹാരത്തിനു് ഇടവരുന്നതല്ലെന്നും.

82. കാമക്കാക്കാൻ=മന്മഥനാകുന്ന കാകോലൻ. ധൃതി=ധൈയ്യത്തോടുകൂടി. മററു രാജാക്കന്മാർ കാമത്തിനു വശംവദന്മാരെന്നത്ഥം. ഈ ഭൂമിയുടെ വൈശദ്യത്തിനു്

ഇരിപ്പിടം. രണ്ടാംവിദേഹപ്രഭു=രണ്ടാമത്തെ ജനകമഹാരാജാവു്, അദ്ദേഹത്തെപ്പോലെ ജിതേന്ദ്രിയൻ. പരബ്രഹ്മത്തെ അറിഞ്ഞവൎക്കു് (സബ്രഹ്മചാരി) സമാനൻ. മഹൎഷിതുല്യനെന്നൎത്ഥം.

83. വിമതജനത=ശത്രുക്കൾ. മററുള്ള രാജാക്കന്മാർ ശത്രുക്കളെ ധ്വംസിക്കുന്നു. അങ്ങനെ ശത്രു എന്നൊത്ത പേരിന്റെ കേൾവിപോലും ഈ തിരുമേനിയുടെ വിഷയത്തിലില്ല. ഉണ്ടായിട്ടുവേണ്ടേ അവരെ ഇല്ലാതെയാക്കാൻ? ഇവിടുത്തേക്കു് അജാതശത്രുവെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. രാകാശശിരകര...=പൂൎണ്ണചന്ദ്രനെ തോല്പിക്കുന്നവിഷയത്തിൽ മറുകരകണ്ടവ. രാജാവിന്റെ യശസ്സിനു പൂൎണ്ണചന്ദ്രനെന്നു മാത്രമൊരു ശത്രുവുണ്ടെന്നും ആ ശത്രുവിനെ പണ്ടേതന്നെ തോല്പിച്ചു കഴിഞ്ഞുവെന്നും താല്പൎയ്യം.

84. ഷഡ്വൎഗ്ഗം = കാമക്രോധലോഭമോഹമദമാത്സൎയ്യങ്ങൾ. അതാകുന്ന വിഷയസമുദ്രത്തിൽ. കലികൊണ്ടുള്ള =ആവേശത്തോടുകൂടിയ. ധൎമ്മാഖ്യകോലും തരു=ധൎമ്മവൃക്ഷം. മൂലകന്ദം=ചുവട്ടിലെ കിഴങ്ങു്; പരമാവലംബമെന്നു താല്പൎയ്യം. ഈ കലികാലത്തിൽ ധൎമ്മത്തിനു തിരുമേനിയല്ലാതെ ശരണമില്ലെന്നു വ്യംഗ്യം.

85. നിൎമ്മൎയ്യാദം=മൎയ്യാദകൂടാതെ. നിരാലംബനൃവരനിരാസം=സഹായമില്ലാത്ത രാജാക്കന്മാരുടെ നിഷ്കാസനം, വിദ്ധ്വംസനം, ബെൽജിയം ലക്സംബൎഗ്ഗ് മുതലായ രാജ്യങ്ങൾ. ശൎമ്മണ്യക്ഷോണി=ജൎമ്മനി രാജ്യം. ജൎമ്മനിയുടെ സംസ്കൃതീകരണം, ശൎമ്മണ്യം; ഈ പദം മാക്സ്മുള്ളർ മുതല്പേർ ഉപയോഗിച്ചിട്ടുള്ളതാണു്. ശമലം=പാപം.

ആ രാജ്യത്തിന്റെ പാപം മൂത്തമായതുപോലെയുള്ളവനും വേനനേപ്പോലെ മഹാദുഷ്ടനുമായ കൈസവില്യം ചക്രവത്തി. വേനന്റെകഥയ്ക്കു ഭാഗവതം നോക്കുക. ധർമ്മം=ക്ഷേമം. പരികരം=കാപ്പു. ധർമ്മജ്ഞൻ=ധർമ്മത്തെ അറിയുന്നവൻ. ജോൎജ്ജുപഞ്ചമൻ. പഴയപുറംപ്രാണൻ=പണ്ടേയുള്ള ആപ്തമിത്രം. (ബഹിശ്ചരഃപ്രാണഃ) എന്നു വാല്മീകി. മാനനീയൻ=ആദരണീയൻ. യൂറോപ്യൻയുദ്ധത്തിൽ ചക്രവത്തിക്കു് എന്തു സഹായവും ചെയ്യാൻ തിരുമേനി സന്നദ്ധനെന്നു താല്പൎയ്യം.

86. ഇൻഡ്യയിലെ മററു് ഏതദ്ദേശീയരാജാക്കന്മാരുടെ ചരിത്രം നോക്കുകയാണെങ്കിൽ അവരിൽ പലരും യുദ്ധത്തിൽ തോററതിനുമേൽ സഖ്യം ചെയ്തവരും, ആദ്യം ബന്ധുക്കളായി പിന്നീടു ശത്രുക്കളായവരും, തരംനോക്കി മൈത്രിക്കുപോയവരുമാണെന്നു കാണാം. വാരാളം മൈത്രി=(ആയതമായ) ശാശ്വതമായ സഖ്യം മേൽകാണിച്ച കാരണങ്ങളാൽ വരുന്നതല്ല. തിരുവിതാംകൂർ രാജാക്കന്മാർ ഇംഗ്ലീഷുകാൎക്കു് വിഴിഞ്ഞം, പൂന്തുറ, അഞ്ചുതെങ്ങു മുതലായ സ്ഥലങ്ങളിൽ പണ്ടകശാല കെട്ടുന്നതിനു്. അനുവാദം കൊടുത്ത ക്രി. പി. പതിനേഴാം ശതവൎഷത്തിൽ അവർ ഭാരതവൎഷത്തിന്നു് അധിപന്മാരായിത്തീരുമെന്നൂഹിപ്പാൻ യാതൊരുമാൎഗ്ഗവുമുണ്ടായിരുന്നില്ല. അങ്ങനെയുള്ള സഹായത്തിൽനിന്നു പരിപുഷ്ടമായ സഖ്യത്തിന്റെ സ്ഥിതി ഒന്നു വേറെയെന്നു താൽപൎയ്യം.

87. പേരിന്നായിട്ടു്=കേവലം യശസ്സിന്നുവേണ്ടി സാൎവ്വഭൌമർ= ചക്രവത്തിമാർ. പേരിന്നായു്=നാമമാത്ര

മായി. ശുദ്ധനിഷ്കാമകർമ്മം=യാതൊരു അഭിസന്ധിയും കൂടാതെ ചെയ്യുന്നകർമ്മം. ഉദകം=വെള്ളം. യശസ്സ് സ്വച്ഛന്ദമായി സഞ്ചരിക്കുന്നതാണ്. അതിന്റെ വിഷയത്തിൽ തട്ടുകുന്നതുകൊണ്ടും വാവാ എന്നു വിളിക്കുന്നതുകൊണ്ടും വിശേഷമില്ല. അതു തന്നെത്താൻ വരേണ്ടതാണെന്നു താൽപര്യം.

൪൮. കാമം=ആഗ്രഹത്തിന്നനുസരണമായി. ആശാവധുക്കളുടെ തലമുടിക്കു മല്ലിപ്പൂവ്. രുചിരഗളം=മനോഹരമായ കഴുത്ത്. ശീമക്കമല മണിമയക്കമ്മൽ=വൈരക്കമ്മൽ. ഈ വിധത്തിൽ പലമാതിരിയിൽ മഹാരാജാവിന്റെ യശസ്സ് ദിഗ്വധൂടികൾക്കലങ്കാരമായി പരിണമിക്കുന്നു. ദിഗന്തവിശ്രാന്തകീർത്തിയാണ് മഹാരാജാവ് എന്നു സാരം.

൪൯. ശബ്ദാർത്ഥകോശം=ശബ്ദാർത്ഥങ്ങളുടെ സമൂഹം. ധ്വനിലവലേശമില്ല. ശബ്ദാർത്ഥാലങ്കാരപാകഗുണധ്വന്യാദികാവ്യസാമഗ്രി തനിക്കു വിഷയമാഹാത്മ്യത്തിന്നനുസരണമായില്ലെന്നുവച്ച് സരസ്വതീദേവിക്കുടി മൂകത്വം സ്വീകരിക്കുന്നു. പിന്നെ മററുള്ളവരുടെ കഥ പറയേണ്ടതില്ലല്ലോ.

൫൦. സൌകര്യം=ലാഘവം. സാരസ്വതരസന=സരസ്വതിയുടെ നാക്ക്. ഗാനതാനപ്രദാനം=പാട്ടിനു ശ്രുതികൂട്ടുകഎന്നുള്ളത്. പ്രാഗല്ഭ്യം=സാമർത്ഥ്യം. വിഷയം അധികരിച്ച്=വിഷയത്തെപ്പററി. ആശപോൽ=ആഗ്രഹത്തിനു തക്കവണ്ണം. ആലപിക്കുക=പാടുക. രാഗജ്ഞൻ=രാഗജ്ഞാനമുള്ളവൻ. കർണ്ണോദ്വേഗം=ചെവികൾക്കു വൈരസ്യം. വാവദൂകൻ=വിടുവായൻ. നിർല്ലജ്ജനായി ഈ വിഷയത്തെപ്പററി ചിലതെല്ലാം കവി എഴുതി സഹൃദയന്മാൎക്കു വൈരസ്യത്തെ ജനിപ്പിക്കുന്നു.

91. ഉദയസമുദയം = മംഗലസമൂഹം. ഭാവൽകം = അവിടുത്തെ. ഭാഗ്യസമൂഹമാകുന്ന ചന്ദ്രന്ന് ഈ തമ്പുരാനാണ് സമുദ്രം. അതായത്ത് ഈ തിരുമേനിയിൽനിന്നാണ് അവിടുത്തെ ഭാഗ്യസമൂഹത്തിന്റെ ഉൽപത്തി എന്നു താൽപര്യം.

92. ഇനിയ = മനോഹരമായ. കുംഭിനീജംഭഭേദി = ഭൂമിക്കു ദേവേന്ദ്രൻ, രാജാവ്. ആയുസ്സിലർദ്ധം = അറുപതുവയസ്സ്. ചിരഞ്ജീവിയായ പുരുഷന്നു നൂററിരുപതുവയസ്സെന്നു ന്യായപ്രകാരം. അഹസ്സല്ലജം = ഉത്തമമായ (അഹസ്സ് = പകൽ) നാറം. ഇതുവരെയുമുള്ള വിശേഷദിവസങ്ങളുടെ മേന്മ ഈ നാളിന്റെ സ്ഥിതി വിചാരിച്ചാൽ ഒമാശമാണ്. ഈ ദിവസങ്ങറം നിസ്സാരമായ ജന്മത്തോടുകൂടിയവയാണ്.

93. പഞ്ചമത്തിൽ = പഞ്ചമരാഗത്തിൽ. പരഭൃതം = കുയിൽ. പോഷിതമായ = എല്ലാവരുടേയും സന്തോഷത്തോടുകൂടി. പോടട്ടെ = ഇടട്ടെ. തമിഴുവാക്ക്, കവിതയിൽ ചിലപ്പോറം പ്രയോഗമുണ്ട്. "ജാപ്പാണനാകം പുകലയും പോട്ടങ്ങ്." എന്നു കിളിമാന്തൂർ ചെറുണ്ണിക്കോയിത്തമ്പുരാൻ നേന്ന നേച്ച്ശ്ശൂള ഫലത്തെ ഈ അഗതികളായ നാമും നേടട്ടെ.

94. ആശാവക്ത്രം = ദിക്കുകളുടെ മുഖം. നേടുക = സ്വീകരിക്കുക. എല്ലാ ജഗത്തുകളുടേയും സന്തോഷത്തെ ധരിച്ചിരിക്കുന്നതു്.

95. ശേഖകംചെയ്യുക = കോരിയൊഴിക്കുക. സൌഖ്യസമ്പൽസാകല്യം = മുഴുക്കെയുള്ള സൌഖ്യസമ്പത്തു്. അനഘദിനഘടാസൽപ്രഭു = ശുഭദിനങ്ങളുടെ കൂട്ടത്തിനു രാജാവായുള്ളതു്. ശുഭദിനങ്ങളിൽവച്ചു ശ്രേഷ്ഠം. സുപ്രഭാതം

=(നല്ലഉഷസ്സ്) ഗുഡ്മാർണിങ്ങ് എന്ന് ഇംഗ്ലീഷിൽപറയുന്നതുപോലെ.

96. കാമം=യഥേഷ്ടം. പനിനീരാകുന്ന സന്തോഷബാഷ്പം. കടല്പുറത്തു മണലാകുന്ന പുഞ്ചിരിച്ചാർത്ത്. സ്രക്ക്=മാല. ബഹളമിളത്ത്=ധാരാളമായി ചേരുന്നത്. പൌരന്മാരാകുന്ന രോമാഞ്ചം. ഭാവുകം താവകീനം=നിന്റെ ഭാഗ്യമെന്നു കവി തന്റെ കണ്ണിണയോടു പറയുന്നു.

98. കുന്നിസ്സൗഭാഗ്യമൂലം=നല്ലപ്പോഴുള്ള ഭാഗ്യത്തിന്നു കാരണം. ചഞ്ചരീകം=വണ്ട്. സുകൃതപ്പാൽക്കടൽപൂർണ്ണചന്ദ്രൻ=സുകൃതത്തിന്റെ ഫലത്താൽ തിരുവവതാരംചെയ്ത മഹാരാജാവെന്നു താൽപര്യം.

97. ശ്രീരാമനും ഈ തിരുമേനിയും മാത്രമേ ധന്യരായിട്ടുള്ളൂ. മററു രാജാക്കന്മാരാരും ധന്യരല്ലെന്നർത്ഥം.

99. രാജധാനിയായ തിരുവനന്തപുരവും ഏലമല മൂന്നാർ മുതലായ പ്രാന്തപ്രദേശങ്ങളും ഒന്നുപോലെ ശോഭിക്കുന്നു. താൻതാൻ=മററാരാളെ ഏല്പിക്കാതെ. സ്വാമി=രാജാവ്. നാന്തായുസ്സ്=(അന്തം) അവസാനമില്ലാത്ത ആയുസ്സോടുകൂടിയവൻ. നളിനജൻ=ബ്രഹ്മാവ്. നഗജാനാഥൻ=ശിവൻ.

100 കരബദരസമം=കൈയിലെ നെല്ലിക്കപോലെ. അതിസുലഭമായെന്നർത്ഥം. ഊനാപേതം=ഊനംകൂടാതെ. നാളീകം=താമര.

101. പുരജനപദാഗാരർ=നഗരങ്ങളിലും ഉൾനാടുകളിലും താമസിക്കുന്നവർ. മണീസാനുധാനുഷ്കൻ=(രത്നസാനു) മഹാമേരുവിനെക്കൊണ്ടുള്ള വില്ലാളിയായവൻ, ശ്രീപരമേശ്വരൻ.

4

# മംഗളമഞ്ജരി

ഉള്ളൂർ

245
98

Indic Digital Archive Foundation
gpura.org